# 3

# രക്ഷ, വിശ്വാസത്തിന്റെ ഫലം (ഭാഗം 2)

## (2:1-10)

അദ്ധ്യായം 2 തുടങ്ങുമ്പോൾ, വിശുദ്ധരാകുവാനുള്ള വിഷയം തുടരുകയാണ്. സത്യം അനുസരിക്കുകയും സഹോദരന്മാരെ സ്നേഹിക്കുകയും ചെയ്യുന്നില്ലെങ്കിൽ വിശുദ്ധിയില്ല. കൂടാതെ വിശുദ്ധി എന്നത് മനസിനെ കേന്ദ്രീകരിക്കുന്നത് കൂടെ അടങ്ങിയിരിക്കുന്നു എന്ന് തന്റെ വായനക്കാരെ പത്രൊസ് മനസിലാക്കി കൊടുക്കുകയാണ്. അതിൽ വിശ്വാസിയുടെ ഉള്ളിലേക്ക് കടക്കുന്നതമായ ഒരു ചിന്താധാരയും ഉൾപ്പെടുന്നു. വിശുദ്ധി മനസിന്റെ ഒരവസ്ഥയാണ്, എന്നാൽ അതിലധികവുമാണ്. അത് ഒരു പെരുമാറ്റ രീതിയുമാണ്.

### "ഇപ്പോൾ ജനിച്ച ശിശുവിനെ പോലെ" (2:1-3)

**1ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കി കളഞ്ഞു 2ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത 3പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.**

**വാക്യം 1.** ക്രിസ്ത്യാനികൾ സത്യം അനുസരിച്ച് അവരുടെ ആത്മാക്കളെ ശുദ്ധീകരിച്ചതിനാൽ, കെടാത്ത ബീജത്താൽ അവർ വീണ്ടും ജനിച്ചതിനാൽ, ദൈവം ആഗ്രഹിച്ചതുപോലെ അവർ വിശുദ്ധ ജനം ആകേണ്ടിയിരുന്നു. "ദൈവം നിങ്ങളെ ആക്കി വെച്ചിരിക്കുന്നതുപോലെ ആകുക" എന്ന പ്രയോഗം പുതിയനിയമത്തിൽ വേറെ കാണുന്നു (ഉദാഹരണമായി, റോമ. 12:1, 2). **സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും നുണയും** നീക്കി കളഞ്ഞാലേ വിശുദ്ധരാകുവാൻ കഴിയു. ഉപേക്ഷിക്കുവാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിസാരമായി കാണാവുന്നതല്ല. അതിന് പത്രൊസിന്റെ വായനക്കാർ അവരുടെ പൂർവ്വപിതാക്കന്മാരിൽനിന്നും അവകാശമാക്കിയ പഴയ ജീവിത രീതി മാറ്റേണ്ട ആവശ്യമുണ്ടായിരുന്നു (1:18). അവരുടെ ആനുകാലികർ ആ ജീവിതത്തിൽ തന്നെ തുടരുകയായിരുന്നു. ഒരാൾ തന്റെ പഴയ വസ്ത്രം ഉരിഞ്ഞുകളയുന്നതുപോലെ പഴയ ജീവിതം കളയുവാനായിരുന്നു പത്രൊസ് അപേക്ഷിച്ചത്. പുതുതായി ക്രിസ്ത്യാനികളോട് കർത്താവിൽ വിശ്വസിച്ച് അവനെ അനുകരിച്ച് ജീവിക്കുവാൻ പത്രൊസ് അപേക്ഷിച്ചപ്പോൾ, ഒരേ ക്രിയയും "നീക്കി കളയുക" (*അപോറ്റിതെമി*), ഒരേ അലങ്കാര ഭാഷയുമാണ് ഉപയോഗിച്ചത് (എഫെ. 4:22-24; കൊലൊ. 3:8-10).

റോമർ 6:3, 4 ലെ വിഷയം വ്യത്യാസമുള്ളതല്ല. വിശ്വാസികൾ വിശുദ്ധ ജീവിതം നയിക്കുവാൻ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽക്കുവാനാണ് പൗലൊസ് പറഞ്ഞത്. പൗലൊസ് റോമർ 6-ൽ പറഞ്ഞതു പോലെ, പത്രൊസ്

തന്റെ വായനക്കാരുടെ സ്നാനത്തെ ഓർക്കുവാൻ ആവശ്യപ്പെട്ടു. പൗലൊസ് കൂടുതൽ വ്യക്തമായി സ്നാനത്തെ കുറിച്ചു പറഞ്ഞു, പത്രൊസ് പിടികൊടുക്കാത്ത വിധത്തിലാണ് പറഞ്ഞത്. പത്രൊസിനു, "വീണ്ടും ജനനവും" (1:3, 23) "ജനിച്ച ശിശുക്കളും" എന്ന സ്നാന ഭാഷ പൗലൊസിന് തീർച്ചയായും "പാപസംബന്ധമായ മനുഷ്യനെ മരിപ്പിക്കുന്നതാണ്". തന്റെ വായനക്കാർ വീണ്ടും ജനിച്ചതാകയാൽ അവരുടെ പഴയ മനുഷ്യനെ നീക്കം ചെയ്യുവാൻ പത്രൊസ് അവരോട് പറഞ്ഞു. ഫലത്തിൽ അവൻ പറഞ്ഞു, "നിങ്ങൾ പഴയ മനുഷ്യനെ ഒരിക്കൽ ഉരിഞ്ഞു കളഞ്ഞതിനാൽ, വീണ്ടും അതു തുടരരുത്, എങ്ങനെയുള്ളവരാകുവാൻ ദൈവം ആക്കിയോ, അതുപോലെ ആകുക."

ക്രിയാത്മകവും നിഷേധവുമായ വാക്കുകളാൽ, പെരുമാറ്റത്തെ പൊതുവിൽ പുതിയ നിയമത്തിൽ ചുരുക്കി പറഞ്ഞിരിക്കുന്നു. പത്രൊസ് ലേഖനത്തിൽ അതു മറ്റു ഭാഗങ്ങളിൽ എടുത്തു കാണിച്ചിരിക്കുന്നു (3:8, 9, 4:3, 15; 5:2, 3). അത്തരം സംക്ഷിപ്ത വാക്കുകൾ പൗലൊസും ഉപയോഗിച്ചിട്ടുണ്ട് (റോമ. 1:29-32; 2 കൊ. 12:20; ഗലാ. 5:19-23). തന്റെ ജീവനക്കാർ പ്രത്യേകമായി നീക്കി കളയേണ്ട ലിസ്റ്റ് പത്രൊസ് പറയുന്നില്ലെങ്കിലും അവർക്ക് അവ ബോധ്യമായിട്ടുണ്ടായിരുന്നു. പ്രതിപാദിച്ച വാക്കുകൾ മനുഷ്യ ജീവിതത്തിൽ സാർവ്വലൗകികമായി കാണുന്ന സ്വഭാവങ്ങളായിരുന്നു. അവ പത്രൊസിന്റെ വായനക്കാരെയും ഒട്ടും കുറയാതെ അവ വിശദീകരിച്ചു കൊടുത്തിരിക്കും. വിശ്വാസ സമൂഹത്തെ ഇളക്കികളയുന്നവയായതുകൊണ്ടാണ് അവൻ ആ ലിസ്റ്റ് നൽകിയത്. അങ്ങനെ വരുമ്പോൾ, ആ ലിസ്റ്റ് 1:22 നുള്ള പിന്തുടർച്ചയാണ്. ക്രിസ്ത്യാനികൾ അന്യോന്യം ഹൃദയപൂർവ്വമാണ് സ്നേഹിക്കേണ്ടത്, അതിനു വിട്ടുകളയുവാൻ പറഞ്ഞിരിക്കുന്നവ ഉപേക്ഷിക്കുകതന്നെ വേണം. മതിയായ രീതിയിൽ പത്രൊസ് പറഞ്ഞ വാക്കുകളെല്ലാം ഓരോന്നും വിശദമാക്കുവാൻ ശ്രമിച്ചാൽ പേജുകൾ തികയാതെ വരും. ചുരുങ്ങിയ രീതിയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.

"ദുഷ്ടത" (*കാകിയ*) പൊതുവിൽ ദുഷിച്ച സ്വഭാവത്തിന് പലപ്പോഴും ഉപയോഗിക്കുന്നതും നല്ല ഗുണത്തിനു എതിരുമാണ്. ധാർമ്മിക അധഃപ്പതനത്തെയാണ് അത് ഓർപ്പിക്കുന്നത്. മറ്റുള്ളവർക്ക് ദോഷം വരണമെന്ന നിലയിൽ മനസിനെ കേന്ദ്രീകരിച്ച് അപകടമായി, അധാർമ്മിക സ്വഭാവത്തെ കാണിക്കുന്ന രീതിയിലാണ് പത്രൊസ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ക്രിയാ വിശേഷണ അർത്ഥത്തിലാണ് യാക്കൊബ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. "ധാരാളം" അല്ലെങ്കിൽ "നിറയെ." (യാക്കൊ. 1:21). പത്രൊസ് ഉപയോഗിച്ച അതേ ക്രിയാരൂപം ഉപയോഗിച്ച് യാക്കൊബ് പറയുന്നത് സകല ദുഷ്ടതയും വസ്ത്രം നീക്കുന്നതുപോലെ നീക്കി കളയണം എന്നാണ്. "ചതി" (*ഡോലോസ്*) ഉപായ രൂപത്തിലുള്ള എല്ലാ വഞ്ചനയും അതിൽ ഉൾപ്പെടുന്നു. അതിൽ വിശ്വാസപാതകവും അടങ്ങും. ഒരാൾ അനുകരിക്കേണ്ടത്, യേശുവിനെയാണ്. യേശുവിനെ കുറിച്ച് പത്രൊസ് പറഞ്ഞു, "അവന്റെ വായിൽ വഞ്ചന ഒന്നുമില്ല" (2:21, 22).

"വ്യാജഭാവം" (*ഹുപ്രോക്രിസിസ്*) ഒരു വേദിയിൽ അഭിനേതാവ് അഭിനയിക്കുന്നതിനാണ് ഗ്രീക്ക് സമൂഹത്തിൽ ആ വാക്ക് ഉപയോഗിച്ചിരുന്നത്. തന്റെ പങ്ക് നടിക്കുക എന്നതാണ് അതിന്റെ അക്ഷരികമായ അർത്ഥം. തന്നെ എതിർത്ത മതപരമായ അദ്ധ്യക്ഷന്മാരെ യേശു "കപടഭക്തിക്കാരെ" എന്നാണ് വിളിച്ചത്. അവർ പറയുന്നതിന് വപരീതമായിരുന്നു അവരുടെ പ്രവൃത്തി

(മത്താ. 23:13-33). വ്യാജ ഭാവമുള്ളവരുടെ ലക്ഷ്യം അപ്പുറമായിരിക്കും (1 തിമൊ. 4:2). അവരുടെ മനോഭാവം അവർ എന്തല്ല എന്നു കാണിക്കുകയായിരിക്കും ചെയ്യുന്നത് (ഗലാ. 2:13). "അസൂയ" (*ഫ്തോനോസ്*) അത് അസൂയ പോലെ തന്നെയാണ്, എങ്കിലും അൽപവ്യത്യാസം ഉള്ളത്. ഒന്ന് മറ്റൊരാൾക്കുള്ള ഗുണമോ വസ്തുക്കളോ ആഗ്രഹിക്കുന്നതാണെങ്കിൽ, മറ്റൊന്നു വേറൊരാളുടെ അനുഗ്രഹങ്ങൾ, താലന്തുകൾ, അംഗീകാരം, അല്ലെങ്കിൽ പുകഴ്ച്ച എന്നിവ കണ്ട് സഹിക്കുവാൻ പറ്റാതിരിക്കുക ആണ്. "നുണ" (*കാറ്റാലാലിയ*) വാക്കുകൾ കൊണ്ട് തരംതാഴ്ത്തിയോ മോശമായോ വേറൊരാളെ കുറിച്ച് സംസാരിക്കുക (തെറ്റായോ മറ്റോ).

പത്രൊസ് 1:22-ൽ പറഞ്ഞ "നിർവ്യാജമായ സഹോദരപ്രീതിക്ക്" എതിരാണ് എന്നതാണ് ആ വാക്കുകളുടെയെല്ലാം പൊതുവായ സ്വഭാവം. എങ്ങനെയായാലും, പരിഗണിക്കേണ്ട മറ്റു കാര്യങ്ങളുമുണ്ട്. പത്രൊസ് സംബോധന ചെയ്ത ക്രിസ്ത്യാനികൾ അന്യായമായി കഷ്ടം അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. തങ്ങളെ ഉപദ്രവിച്ചവരോട് അതേ രീതിയിൽ പ്രതികരിക്കുവാൻ അവർ പരീക്ഷിക്കപ്പെട്ടേക്കാം, ദുഷ്ടതയോടും, വ്യാജഭാവത്തോടും, അസൂയയോടും, നുണയോടും, പകയോടും അതേ രീതിയിൽ തന്നെ അവരോടും പെരുമാറുവാൻ ശ്രമിച്ചേക്കാം. അത്തരം വൈകാരിക പ്രതികരണം മുൻപ് പരാജയപ്പെട്ടതാണ്. പാപിയെ നശിപ്പിക്കുന്ന പാപങ്ങളാണ് അവ.

അതിനു പുറമെ, ചിലപ്പോൾ പുറത്തുനിന്നു മോശമായ സമ്മർദ്ദങ്ങളും അനുഭവപ്പെട്ടേക്കാം. അപ്പോൾ അന്യോന്യം മോശമായി പെരുമാറുവാനും തയ്യാറായേക്കാം. ക്രിസ്ത്യാനികൾ അന്യോന്യം തങ്ങളുടെ നിരാശ ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരോട് പ്രകടിപ്പിക്കുവാൻ ശ്രമിക്കുന്നത് ഊഹിക്കുന്നതിന് അപ്പുറമാണ്. പത്രൊസ് അവരിൽ കാണുവാൻ കൽപിച്ചതായ സഹോദരപ്രീതിക്ക് വിപരീതമാണ് വിശ്വാസികളിൽ, അസൂയയും, നുണയും വ്യാജഭാവവും ഉണ്ടാകുക എന്നത്. ക്രിസ്ത്യാനികള-ല്ലാത്തവരോടുള്ള ബന്ധത്തിലായാലും വിശ്വാസികൾക്കിടയിലുള്ള ബന്ധത്തിലായാലും, ലോകപ്രകാരമുള്ള സ്വഭാവം ക്രിസ്തീയ ജീവിതത്തിൽ വരുവാൻ അനുവദിക്കരുത്. അവർ വിശുദ്ധ ജീവിതമാണ് നയിക്കേണ്ടത് (1:15, 16). വിശ്വാസികളുമായി ബന്ധപ്പെടുമ്പോഴും, അവിശ്വാ-സികളുമായ ബന്ധപ്പെടുമ്പോഴും ക്രിസ്ത്യാനികൾ വിശുദ്ധമായാണ് ജീവിക്കേണ്ടത്. വിശുദ്ധ ജീവിതത്തിനു യോജിക്കാത്ത സ്വഭാവങ്ങളാണ് പത്രൊസ് ഉപേക്ഷിക്കുവാൻ പറഞ്ഞത്.

**വാക്യം 2**. പത്രൊസ് 1:23 ൽ തുടങ്ങിയ ജനന സാമ്യത്തിലേക്ക് വീണ്ടും മടങ്ങി വന്നിരിക്കുകയാണ്. എങ്കിലും, 1 പത്രൊസിന്റെ ചില വിദ്യാർത്ഥികൾ വിശ്വസിക്കുന്നത് "നീക്കി കളയുവിൻ" (2:1) എന്നതും "ഇപ്പോൾ ജനിച്ച ശിശുക്കളെ" പോലെ, എന്നതും വിവരിക്കുന്നത് പത്രൊസ് സംബോധന ചെയ്ത ആസ്യയിലെ സഭകളിൽ പരിശീലിച്ചിരുന്ന കാര്യമാണെന്നാണ്, പക്ഷെ രണ്ടാം-നൂറ്റാണ്ടിലേയും മൂന്നാം-നൂറ്റാണ്ടിലേയും പരിശീലനമായിട്ടാണ് നന്നായി അറിയപ്പെടുന്നത്. പുതിയനിയമ കാലത്തിനു ശേഷം, സ്നാനത്തിനായി വന്നവർ, ചുരുങ്ങിയത് ചില സ്ഥലങ്ങളിലുള്ളവർ വസ്ത്രം ഉരിഞ്ഞു കളഞ്ഞിട്ടാണ് സ്നാനം ഏറ്റിരുന്നത്. സ്നാനശേഷം അവർക്ക് വൃത്തിയുള്ള പുതിയ വസ്ത്രം നൽകും. ജെ. എൻ. ഡി. കെല്ലി പറഞ്ഞത് അത്തരം പരിശീലനം "ഹൃദയഹാരിയായ ആഘോഷം" ആയിരുന്നു എന്നാണ്. പഴയത് നീക്കം ചെയ്യുന്നതും പുതിയതു ധരിക്കുന്നതും

"വിലയില്ലാത്ത പഴയ ജീവിതം ഉപേക്ഷിക്കുന്നതിന്റെയും നിഷ്ക്കളങ്കമായ പുതിയ ജീവിതം സ്വീകരിക്കുന്നതിന്റെയും അടയാളം"[1] ആണ്. എന്നാൽ കെല്ലിയുടെ വാദം നാം നിസാരമായി തള്ളിക്കളയാവുന്നതല്ല, സ്നാന ത്തിനു മുൻപ് പഴയ വസ്ത്രം നീക്കി കളയുന്നതും സ്നാനശേഷം പുതിയ വസ്ത്രം ധരിക്കുന്നതും ആ വേദ ഭാഗത്തെ രണ്ടും മൂന്നും നൂറ്റാണ്ടിൽ അക്ഷരികമായി വ്യാഖ്യാനിച്ചതിന്റെ ഫലമായിരുന്നു.

അവർ ക്രിസ്ത്യാനികളായിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കാം, അല്ലെങ്കിൽ ഏതാനും ദിവസങ്ങൾ മാത്രം കഴിഞ്ഞിരിക്കാം, എങ്ങനെയായാലും, അവർ **ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ പാലിനായി വാഞ്ഛരിക്കണം.** *എപിപോതെയോ* എന്ന ക്രിയ തർജിമ ചെയ്ത "വാഞ്ഛരിക്കുക" എന്ന വാക്ക് ശക്തമാണ്. അതിന്റെ അർത്ഥം വിശപ്പുള്ള ഒരു ശിശു അമ്മയുടെ മുലപ്പാലിനായി ഊർജ്ജമെല്ലാം ഉപയോഗിച്ച് കരയുന്നതുപോലെയുള്ള വാഞ്ഛയാണ് സൂചിപ്പിക്കുന്നത്. ക്രിസ്ത്യാനിയാകുവാൻ ആ വളർച്ച ആവശ്യമാണ്. ഭൗതിക ശരീരത്തിന്റെ വളർച്ചക്ക് ആഹാരം ആവശ്യമായിരിക്കുന്നതുപോലെ, ആത്മാവിനും ആഹാരം ആവശ്യമാണ്. ക്രിസ്ത്യാനിക്ക് വളർച്ച-ഇല്ലാത്ത അവസ്ഥ തിരഞ്ഞെടുക്കുവാൻ സാധ്യമല്ല. ഒരു വിശ്വാസി ഒന്നുകിൽ വളരും അല്ലെങ്കിൽ മരിക്കും. വളർച്ചക്ക് ആവശ്യമായ വചനം എന്ന പോഷണം ലഭിച്ചില്ലെങ്കിൽ മരണം ഉറപ്പാണ്. അതിനു ദൈവികമായ വാഞ്ഛ ആവശ്യമാണ്. സുവിശേഷത്താൽ പോഷണം ലഭിച്ചുകഴിയുമ്പോൾ അവർ വളരും. അതേ അർത്ഥത്തിലുള്ള ഒരു കുറിപ്പുമായാണ് പത്രൊസ് തന്റെ രണ്ടാം ലേഖനം അവസാനിപ്പിക്കുന്നത്: "കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും കൃപയിലും വളരുവിൻ" (2 പത്രൊ. 3:18).

ക്രിസ്ത്യാനികൾ വാഞ്ഛരിക്കേണ്ടത് "മായമില്ലാത്ത പാലിനാണ്." "ചതി" എന്ന് മുൻ വാക്യത്തിൽ ഉപയോഗിച്ചതിന്റെ നേരെ എതിരായ വാക്കാണ് "മായമില്ലാത്ത" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. അപ്പൊസ്തലൻ അവിടെ ഉപയോഗിച്ച വാക്കുകൾ ഇംഗ്ലീഷിൽ മനസിലാക്കുക പ്രയാസമാണ്. "എല്ലാ ചതിവും" അല്ലെങ്കിൽ "വ്യാജഭാവവും" (*ഡോലോസ്*) നീക്കി കളയുവാൻ പത്രൊസ് 2:1 പറഞ്ഞു. 2:2-ൽ അവർ "മായം ഇല്ലാത്ത" (*അഡോലോസ്*) പാൽ കുടിപ്പാൻ വാഞ്ഛരിക്കുന്നതിനായി നിർദ്ദേശിച്ചു. സകല "ചതിയും" നീക്കി കളഞ്ഞ "ശുദ്ധമായ" വചനം എന്ന പാൽ കുടിക്കുന്നതിനാണ് ക്രിസ്ത്യാനികൾ ആഗ്രഹിക്കേണ്ടത്. പത്രൊസിന്റെ വായനക്കാരോട് പ്രസംഗിച്ച സുവിശേഷം (1:25) എല്ലാ ചതിവും വ്യാജഭാവവും നീക്കിക്കളഞ്ഞ മായമില്ലാത്തതായിരുന്നു. കാരണം അത് നേരിട്ട് അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും അങ്ങനെ തന്നെയാണ് അവരിൽ എത്തിച്ചത്. ചതി നന്നായി-അറിയപ്പെട്ടിരുന്ന തത്വചിന്തകരും/ഗുരുക്കന്മാരും അക്കാലത്ത് ചന്തസ്ഥലങ്ങളിൽ ധാരാളം കാണാമായിരുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ ക്രിസ്തുവിന്റെ സുവിശേഷവും ഗുരുക്കന്മാരുടെ ഉപദേശവും തമ്മിൽ ആളുകൾ തെറ്റിദ്ധരിക്കരുതെന്ന് അപ്പൊസ്തലൻ ആഗ്രഹിച്ചു.

എൻഏഎസ്ബിയിൽ ആ പ്രയോഗം തർജ്ജിമ ചെയ്തിരിക്കുന്നത് "വചനത്തിന്റെ ശുദ്ധമായ പാൽ" എന്നാണ്, "ശുദ്ധമായ ആത്മിയ പാൽ" എന്നാണ് എൻആർഎസ്‌വിയിലും എൻഐവിയിലും. കെജെവി തർജ്ജിമ ചെയ്തിരിക്കുന്നതുപോലെ ആധുനിക തർജ്ജിമക്കാരെല്ലാം തർജ്ജിമ ചെയ്തിരിക്കയാൽ, എൻഏഎസ്ബി മാത്രം വേർതിരിഞ്ഞു നിൽക്കുന്നു. ആ വാക്ക് "വച

നത്തിന്റെ" (എൻഏഎസ്ബി) എന്നും "ആത്മിയമായ" (എൻആർഎസ്വി) തർജ്ജിമ ചെയ്തിരിക്കുന്നത് *ലോജിക്കോസ്* ആണ്, ഒരു കാര്യത്തെ ശരിയായി ചിന്തിച്ചു പറയുന്നതിനെയാണ് ഉദ്ദേശിക്കുന്നത്. പുതിയനിയമത്തിൽ ആ വാക്ക് ഒരിക്കൽ കൂടെ വന്നിരിക്കുന്നത് റോമർ 12:1 ലാണ്, അവിടെ റോമിലെ ക്രിസ്ത്യാനികളിൽ നിന്നു പൗലൊസ് ആഗ്രഹിച്ച ദൈവിക സേവനത്തെയാണ് വിവരിക്കുന്നത്. "ആലോചനയോടുകൂടിയ സേവനം" അഥവാ സമർപ്പണ ത്തോടെ ആയിരുന്നു അവർ നടത്തേണ്ടിയിരുന്നത്, അല്ലെങ്കിൽ ആത്മിയ ലക്ഷ്യത്തോടെ ആയിരിക്കാം അവർ സേവിക്കേണ്ടിയിരുന്നത്. ബുദ്ധിപൂർവ്വം അല്ലെങ്കിൽ ശ്രദ്ധാപൂർവ്വം എന്നു പറഞ്ഞിരിക്കയാൽ, വസ്തു-അല്ലാത്ത ആശ യങ്ങളാണ്, *ലോജിക്കോസ്,* അത് ഒരുപക്ഷെ വിപുലീകരിച്ച് അക്ഷരിക-മല്ലാത്ത അഥവാ ആത്മിയമായ വസ്തുവായി അതിനെ പറഞ്ഞേക്കാം.[2] 1 പത്രൊസ് 2:2 ലെ സന്ദർഭത്തിലാണ് ആ വാക്ക് എങ്കിൽ, കൂടുതൽ യുക്തിസഹജ വും, ബുദ്ധിപൂർവ്വവും, ശ്രദ്ധാപൂർവ്വവുമായത് അക്ഷരിക-മല്ലാത്തതിനാൽ ആത്മികമായിരിക്കും. ആദ്യത്തേതാണെങ്കിൽ എൻഏഎസ്ബിയുടെ തർജ്ജി മയാണ് നല്ലത്, രണ്ടാമത്തേതാണെങ്കിൽ, എൻആർഎസ്വിയുടേയും എൻ ഐവിയുടേയുമാണ് നല്ലത്.

നല്ല കാരണത്താൽ, എൻഏഎസ്ബി മനസിലാക്കുവാൻ പറ്റാത്ത പ്രയോഗങ്ങളായ "ശുദ്ധമായ, യുക്തമായ പാൽ" എന്നിവ ഉപേക്ഷിച്ചിരിക്കു ന്നു. പകരം, തർജ്ജിമക്കാർ ബുദ്ധിപൂർവ്വം "വചനത്തിന്റെ ശുദ്ധമായ പാൽ" എന്നാക്കിയിരിക്കുന്നു. *ലോഗോസ്* എന്നും *രേമാ* എന്നുമുള്ള പത്രൊസിന്റെ പ്രയോഗം, തൊട്ടു താഴെ രണ്ടും തർജ്ജിമ ചെയ്തത് "വചനം" എന്നാണ്. ഈ വാക്യത്തിലെ *ലോജിക്കോസ്* യുക്തിയും വെളിപ്പാടും നൽകുന്നു എന്ന വാദം ഉണ്ട്. കൂടാതെ പത്രൊസ് അക്ഷരിക-മല്ലാത്തതു പറയുമ്പോൾ, അവൻ ഉപയോഗിച്ചിരിക്കുന്നത്, *ന്യൂമാറ്റിക്കോസ്* ആണ്. അപ്പൊസ്തലൻ 2:5 ൽ ആത്മിക യാഗങ്ങളെ കുറിച്ച് പറഞ്ഞപ്പോൾ ഉപയോഗിച്ചത് ആ വാക്കാണ്. അവസാനമായി, സാഹിത്യത്തെ ആശ്രയിച്ചതിനാലായിരുന്നില്ല യാക്കൊബും പത്രൊസും എഴുതിയത്, പക്ഷെ രണ്ടും ഒരേ ചിന്താലോകത്തിൽനിന്നു വന്ന തായിരുന്നു. പത്രൊസ് പറഞ്ഞതു മനസിലാക്കുവാൻ യാക്കൊബ് സഹായി ക്കുന്നു. "ഉൾനട്ടതായ വചനം കൈക്കൊൾവാൻ" അഭക്തമായ സ്വഭാവങ്ങളെ വിട്ടുകളയുവാൻ യാക്കൊബ് പ്രബോധിപ്പിച്ചിരിക്കുന്നു (യാക്കൊ. 1:21). ആ പരിഗണനകളെല്ലാമാണ് എൻഏഎസ്ബിയുടെ തർജ്ജിമയോട് അനുകൂ ലിക്കുവാൻ കാരണം.

രണ്ടും തമ്മിൽ അൽപ വ്യത്യാസം ബോധ്യപ്പെടുത്തുവാനായിരിക്കാം പ ത്രൊസ് *ലോജിക്കോസ്* എന്ന വാക്ക് ഉപയോഗിച്ചത്. അവർ ആഗ്രഹിക്കേണ്ട പാൽ ആത്മിയമായിരുന്നു, അതായത്, ഭൗതിക-മല്ലാത്ത, എന്നാൽ അതു ബുദ്ധിപൂർവ്വവുമായിരുന്നു. തങ്ങളുടെ പ്രത്യാശയുടെ കാരണം ചോദിക്കു ന്നവർക്ക് ഉചിതമായ ഉത്തരം നൽകണമെന്ന് ക്രിസ്ത്യാനികളോട് പത്രൊസ് പറഞ്ഞു (3:15). വികാരം പ്രകടമാക്കുന്നതിലധികം ആവശ്യപ്പെടുന്നതാണ് അവർ കേട്ടതായ സന്ദേശം. അതിന് പഴയനിയമത്തിന്റെ പിന്തുണയും പുതി യനിയമപ്രവാചകന്മാരുടേയും ഉപദേഷ്ടാക്കന്മാരുടേയും സാക്ഷ്യവും ഉണ്ടാ യിരുന്നു (1:12, 25). ക്രിസ്ത്യാനികൾ ദൈവത്തിന്റെ വെളിപ്പാടിനായി വാഞ്ഛി ക്കുമ്പോൾ, പത്രൊസിന്റെ സാക്ഷ്യം **രക്ഷക്കായി വളരുവിൻ** എന്നായിരുന്നു. സ്ഥിതി ചെയ്യുന്ന ഒരു യോഗ്യതയല്ല് "രക്ഷ" എന്ന് അപ്പൊസ്തലൻ വ്യക്തമാ

ക്കി. പുതിയ ഒരു ജോഡി ചെരിപ്പ് വാങ്ങുകയും പഴയതാകുമ്പോൾ ഉപേക്ഷി ക്കുകയും ചെയ്യുന്നതുപോലെ ഉള്ള ഒന്നല്ല രക്ഷ. കുഞ്ഞാടിന്റെ രക്തത്താൽ അവർ രക്ഷിക്കപ്പെട്ടു എങ്കിലും, പത്രൊസിന്റെ വായനക്കാർ അപ്പോഴും "രക്ഷ ക്കായി വളരേണ്ട' ആവശ്യമുണ്ടായിരുന്നു. അവർ ക്രിസ്തുവിനെ കുറിച്ച് കൂടു തൽ അറിഞ്ഞ് അവനിൽ മാത്രം വിശ്വാസവും പ്രത്യാശയും വെക്കണമായിരു ന്നു. 2:1-ൽ ഉപേക്ഷിക്കുവാൻ പറഞ്ഞ കാര്യങ്ങളെല്ലാം വിട്ടുകളഞ്ഞ് അവർ കർത്താവിനെ അനുകരിക്കുവാൻ വളർച്ച അനിവാര്യമായിരുന്നു. എബ്രായ ലേഖകൻ പറയുന്നു, "നാം ക്രിസ്തുവിനെ കുറിച്ചുള്ള ആദ്യ വചനം വിട്ട് പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ ശ്രമിക്കുക" (എബ്രാ. 6:1). ക്രിസ്തീയ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരുമാണ് അവരോട് രക്ഷ അറിയിച്ചത് (1:12, 25), എന്നാൽ പത്രൊസിന്റെ വായനക്കാർ അപ്പോഴും വളരേണ്ടവരായിരുന്നു. അവർ ശിശുക്കൾ ആയിരുന്നതുകൊണ്ട് അവർക്ക് പാൽ ആവശ്യമായിരു ന്നു. എന്നാൽ ആ സന്ദേശം അവർ വിവേചനാപൂർവ്വം കൈക്കൊള്ളണമാ യിരുന്നു. അത് കാര്യകാരണസഹിതം നൽകിയതിനാൽ, അവരുടെ ആത്മിക പോഷണത്തിനും വളർച്ചക്കും ഉതകുന്നതായിരുന്നു.

**വാക്യം 3**. "എങ്കിൽ" എന്ന നിബന്ധന പത്രൊസ് ഉപയോഗിച്ചതിനാൽ (ദ പ്രോട്ടാസിസ്), അത് വാസ്തവമാക്കേണ്ട ചുമതല അവരിലാണ്. അവർ **കർത്താവ് ദയാലു എന്ന് ആസ്വദിച്ചവരായിരുന്നു** എന്നു വ്യക്തിപരമായി പത്രൊസിനു പറയുവാൻ കഴിഞ്ഞു. എൻആർഎസ്‌വിയിൽ "തീർച്ചയായും കർത്താവ് ദയാലു എന്ന് നിങ്ങൾ ആസ്വദിച്ചിട്ടുണ്ടെങ്കിൽ" എന്നാണ്. "കർത്താവ് ദയാലു എന്ന് നിങ്ങൾ ആസ്വദിച്ചതിനാൽ" എന്നു തർജ്ജിമ ചെയ്താലും അർത്ഥത്തിൽ വ്യത്യാസം വരുന്നില്ല. രക്ഷക്കുള്ള പോഷണമാണ് ആലങ്കാരി കമായി പറഞ്ഞിരിക്കുന്ന പാൽ, അത് ബുദ്ധിയോടെ സ്വീകരിക്കണം, എന്നാൽ അത് മാത്രമായിരുന്നില്ല. അവരുടെ രക്ഷ കൂടുതൽ തീർച്ചയുള്ളതും സ്വയം-തൃപ്തിപ്പെടുത്തുന്നതുമായി കാണപ്പെട്ടതു (1) അവർ വീണ്ടും ജനിച്ചതിനാൽ (2) കർത്താവ് ദയാലു ആണെന്ന് അവർ ആസ്വദിച്ചതിനാൽ. ഒരു ആജ്ഞ യായി 1 പത്രൊസ് 2:2 ലെ ഊഷ്മളത സങ്കീർത്തനങ്ങൾ 34:8 നൽകുന്നു. ''യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ. അവനെ ശരണം പ്രാപി ക്കുന്ന പുരുഷൻ ഭാഗ്യവാൻ!" പത്രൊസ് 3:10-12 ൽ എത്തിയപ്പോൾ, വീണ്ടും സങ്കീർത്തനങ്ങൾ 34 ലേക്ക് തിരിച്ചു വന്നിരിക്കുകയാണ്.

കർത്താവിനെ ആസ്വദിക്കുവാൻ ക്രിസ്ത്യാനികൾക്ക് ധാരാളം വഴികൾ ഉണ്ട്. വിശ്വാസികൾ അവന്റെ ശക്തി അല്ലെങ്കിൽ, കരുണ, അല്ലെങ്കിൽ അവന്റെ കോപം അനുഭവിക്കും. കർത്താവിന്റെ മാധുര്യമുള്ള വാക്കുകൾ സങ്കീർത്ത നക്കാരൻ ആസ്വദിച്ചു: "തിരുവചനം എന്റെ അണ്ണാക്കിനു എത്ര മധുരം! അവ എന്റെ വായിക്ക് തേനിലും മധുരം!" (സങ്കീ. 119:103). ഇയ്യോബ് കുഴപ്പമായി രുന്നു ആസ്വദിച്ചത്: "എന്റെ നാവിൽ അനീതി ഉണ്ടോ? എന്റെ വായി അന ർത്ഥം തിരിച്ചറികയില്ലയോ?" (ഇയ്യോ. 6:30). പത്രൊസ് തന്റെ വായനക്കാർക്ക് പൊതുവിൽ പരിചയമുള്ള പ്രസ്താവന നൽകുന്നതിനെ കുറിച്ച് ചിന്തിക്കു മ്പോൾ ഓർമ്മ വരുന്നത് "കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടു ണ്ടല്ലൊ" എന്നതായിരിക്കും. താഴെ കാണുന്ന വാക്യങ്ങളിൽ "കർത്താവ്" എന്നു പത്രൊസ് പറഞ്ഞത് നസറേത്തുകാരനായ യേശു ആയിരുന്നു. അവർ അവനെ അറിഞ്ഞതിനാൽ, പത്രൊസിന്റെ വായനക്കാർ കർത്താവിന്റെ ദയ ആസ്വദിച്ചിരുന്നു.

പത്രൊസിന്റെ വായനക്കാർ കഷ്ടതകൾ അനുഭവിച്ച സന്ദർഭത്തിൽ, കർത്താവിന്റെ ശിക്ഷയെ കുറിച്ചോ, അല്ലെങ്കിൽ അവന്റെ പ്രതികാരത്തെ കുറിച്ചോ അപ്പൊസ്തലൻ പറയുമെന്നായിരിക്കും ഒരാൾ പ്രതീക്ഷിക്കുക. "ദയ" തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക്, *ക്രെസ്റ്റോസ്* ആണ്, അക്ഷരത്തിലും ഉച്ചാരണത്തിലും ആ വാക്ക് *ക്രിസ്റ്റോസ്* എന്ന വാക്കിനു സമമാണ്, അതായത് "ക്രിസ്തു." ഉടമസ്ഥർ തങ്ങളുടെ അടിമകൾക്ക് ചിലപ്പോൾ *ക്രെസ്റ്റോസ്* എന്നു പേരിടും, അർത്ഥം "ദയ." ക്രിസ്ത്യാനിത്വത്തെ കുറിച്ച് അറിവ് കിട്ടിയ ചില റോമൻ എഴുത്തുകാർ ആ വാക്കുകളെ തെറ്റിദ്ധരിപ്പിച്ചു. അടിമയുടെ പേരുള്ള ദേവനെയാണ് ക്രിസ്ത്യാനികൾ ആരാധിക്കുന്നത് എന്ന് അവർ വരുത്തി തീർത്തു. യേശു മനപ്പൂർവ്വമായിട്ടാണ് "ദയ" എന്ന പേർ സ്വീകരിച്ചത് എന്ന് ഒരാൾ സംശയിച്ചിരിക്കുന്നു. കർത്താവ് ദയയുള്ളവനായി തന്റെ വായനക്കാർ സാർവ്വ ലൗകികമായി സ്വീകരിക്കണമെന്ന് പത്രൊസ് ആഗ്രഹിച്ചിരുന്നു.[3]

## ക്രിസ്തു, ജീവനുള്ള കല്ലും;<br>ക്രിസ്ത്യാനികൾ, ആത്മിക ഗൃഹവും<br>(2:4-8)

**4മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് 5നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്ന് പ്രസാദമുള്ള ആത്മിക യാഗം കഴിപ്പാന്തക്കവണ്ണം വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു. 6"ഞാൻ ശ്രേഷ്ഠവും മാന്യവുമായോരു മൂലക്കല്ല് സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല" എന്നു തിരുവെഴുത്തിൽ കാണുന്നവല്ലൊ.**

**7വിശ്വസിക്കുന്ന നിങ്ങൾക്ക് ആ മാന്യതയുണ്ട്; വിശ്വസിക്കാത്തവർക്കോ "വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് തന്നെ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽ പാറയുമായി തീർന്നു."**

**8അവർ വചനം അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു; അതിന്ന് അവരെ വെച്ചുമിരിക്കുന്നു.**

യാദൃശ്ചികമായിട്ടായിരിക്കാം ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിൽ നിന്ന് കല്ലിന്റെ ഭാവനയിലേക്ക് താഴെയുള്ള വാക്യങ്ങളിൽ മാറുന്നത്. പഴയനിയമത്തിൽ ഉറപ്പിനും ബലത്തിനും രൂപകാലങ്കാരമായി ഉപയോഗിച്ച കല്ലുകൾ അപ്പൊസ്തലൻ ക്രിസ്തുവിനും അവന്റെ ജനത്തിനുമായി ഉപയോഗിച്ചിരിക്കുകയാണ്. യേശു തള്ളിക്കളഞ്ഞ കല്ലും, മൂലക്കല്ലും, ഇടർച്ചക്കല്ലും ആയി. കൂടാതെ, അവന്റെ ജനം ദൈവാലയത്തിലെ ജീവനുള്ള കല്ലുകളുമായി. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ മാതൃകയാക്കുമ്പോൾ, ക്രിസ്തുവിന്റെ ഗുണങ്ങൾ പങ്കിടുകയാണ്. അവർ ജീവനുള്ള കല്ലുകളായി ദൈവത്തിന്റെ മന്ദിരം പണിയപ്പെടുന്നു.

**വാക്യം 4.** 1 പത്രൊസിന്റെ ഈ ഭാഗത്ത് മുഴുവൻ നിറം കൊടുത്തിരിക്കുന്നത് ആലങ്കാരിക പ്രയോഗത്തിനാണ്. ജഡം പുല്ല് പോലെയാണ്; മനുഷ്യന്റെ മഹത്വം അതിന്റെ പൂ പോലെയുമാണ് (1:24). ക്രിസ്ത്യാനികൾ ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ സകല ഉൽസാഹത്തോടും വചനമെന്ന പാൽ കുടിപ്പാൻ

വാഞ്ഛിക്കണം (2:2). യേശു **ജീവനുള്ള കല്ലും ... മനുഷ്യരാൽ ത്യജിക്കപ്പെട്ടവനുമാണ്.**[4] പത്രൊസിന്റെ വായനക്കാർ കർത്താവിനെ പോലെ, "ജീവനുള്ള കല്ലുകളാണ്." അവർ "ആത്മിക ഗൃഹമാണ്" അല്ലെങ്കിൽ, വേറെ രീതിയിൽ ചിന്തിച്ചാൽ, അവർ "വിശുദ്ധ പുരോഹിത വർഗ്ഗം" ആണ് (2:5). ക്രിസ്തുവിന്റെ അനുയായി ആകുവാൻ ഓരോ രൂപകാലങ്കാരവും വിശ്വാസികൾക്ക് വെല്ലുവിളി ഉയർത്തുന്നതാണ്. നിറം പകരുവാനായി പിന്നീടുള്ള വാക്യങ്ങളിൽ പത്രൊസ് പറഞ്ഞു, ക്രിസ്ത്യാനികൾ "തിരഞ്ഞെടുക്കപ്പെട്ട ജാതിയും," "വിശുദ്ധ ജനവും" ആണ് (2:9). ദൈവം തിരഞ്ഞെടുത്ത യിസ്രായേൽ ജനവും തിരഞ്ഞെടുക്കപ്പെട്ട അർത്ഥത്തിൽ തങ്ങളും തമ്മിലുള്ള തുടർച്ച മനസിലാക്കി കൊടുപ്പാൻ അപ്പൊസ്തലൻ അലങ്കാരപ്രയോഗമാണ് നടത്തിയിരിക്കുന്നത്.

2:4-ൽ മുൻപ്, പരീക്ഷണങ്ങളുടെ മദ്ധ്യേ വിശുദ്ധജീവിതം നയിക്കുവാൻ ക്രിസ്ത്യാനികളോട് പത്രൊസ് ആവശ്യപ്പെട്ടു. ഇപ്പോൾ അവൻ വ്യക്തമായി പറയുന്നത് ക്രിസ്ത്യാനിത്വം ഒരു സമൂഹമായി, ആർക്കുള്ളവരാണെന്ന് നിർവ്വചിക്കപ്പെട്ടതുപോലെ, ഏറ്റു പറച്ചലും പ്രത്യാശയും ഏറ്റു പറയുന്ന ജനമായിരിക്കണം.

യേശുക്രിസ്തുവിന്റെ അടുക്കൽ വരുന്ന ക്രിസ്ത്യാനികൾ ആദ്യം തന്നെ നിർവ്വചിക്കപ്പെടുന്നത് "ജീവനുള്ള കല്ലുകൾ" എന്ന നിലയിലാണ്. യേശു "വിലയേറിയ മൂലക്കല്ല്" ആയി പത്രൊസ് പിന്നെ ഒരിക്കൽ പറഞ്ഞിരിക്കുന്നു (2:6). പത്രൊസ് അർത്ഥമാക്കിയ രൂപകാലങ്കാരത്തിൽ ചില അനിശ്ചിതത്വം കാണാം. "മൂലക്കല്ല്" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് മൂലക്കല്ല് ആകേണ്ട ആവശ്യമില്ല എന്നാണ് യോയാക്കിം ജെരെമ്യാ പറഞ്ഞത്. ആ രൂപകാലങ്കാരം വരച്ചുകാണിക്കുന്നത് യേശു മുഖ്യകല്ല് ആയിട്ട് അല്ലെങ്കിൽ ഒരു ഘടനയുടെ വലിയ കല്ല് ആയിട്ടാണ്.[5] തന്റെ വായനക്കാർ യേശുവിനെ (1) അടിസ്ഥാനക്കല്ല് ആയിട്ടോ അല്ലെങ്കിൽ (2) വലിയ കല്ല് ആയി കാണുവാൻ പത്രൊസ് ആഗ്രഹിച്ചാലും അപ്പൊസ്തലൻ പറഞ്ഞ പോയിന്റിൽ വ്യത്യാസം കാണാം. മനുഷ്യർക്ക് വേണ്ട ദൈവത്തിന്റെ പദ്ധതി എല്ലാം നിറവേറ്റിയത് യേശുവാണ്, അല്ലെങ്കിൽ വിശ്വാസത്തിന്റെ അന്തിമ ഫലം തിരിച്ചറിയുവാൻ കഴിയുന്നത് അവൻ മുഖാന്തരമാണ്. ജെരെമ്യാവിന്റെ വാദം, എങ്ങനെയായാലും, ശരിയാണോ എന്നു സംശയിക്കപ്പെടുന്നു. എഫെസ്യർ 2:20 ൽ പൗലൊസ് "മൂലക്കല്ല്" ഉപയോഗിച്ചിരിക്കുന്നു. അവിടെ "അടിസ്ഥാന കല്ല്" എന്നു വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. കൂടാതെ, 1 പത്രൊസ് 2:6 ൽ, "ഞാൻ സീയോനിൽ ... വിലയേറിയ ഒരു മൂലക്കല്ല് ഇടുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു കല്ല് ഇടുക എന്നു പറയുന്നതിന് അടിസ്ഥാനം ഇടുക എന്നാണ് അർത്ഥം.

യേശുവും അവന്റെ ശിഷ്യന്മാരും "ജീവനുള്ള കല്ലുകൾ" എന്നു പറയുന്നത് ആദ്യം കേൾക്കുമ്പോൾ അത് ഒരു ഓക്സി-മോറോൺ ആയി കരുതും. കല്ലുകൾ നിർജീവമാണ്. കല്ല് "ജീവനുള്ള കല്ല്" എന്നു പറയുന്നതിനേക്കാൾ, "ജീവനില്ലാത്തത്" എന്നു പറയുന്നതാണ് മനസിലാക്കുവാൻ എളുപ്പം. എങ്കിലും പത്രൊസ് എടുത്തിരിക്കുന്ന രൂപകാലങ്കാരം "ജീവനുള്ള കല്ല്" എന്നാണ്. പരിചയമുള്ള ഒരു പുതിയനിയമ വിഷയത്തിലേക്കാണ് അവന്റെ വാക്കുകൾ കൊണ്ടുപോകുന്നത്, വീട് പണിതവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു (സങ്കീ. 118:22; മത്താ. 21:42; മർ. 12:10; ലൂക്കൊ. 20:17; പ്രവൃ. 4:11). സഭയുടെ ജീവിതത്തിൽ, യേശുവാണ് മൂലക്കല്ല് എന്ന് തന്റെ വായനക്കാരെ മനസിലാക്കി കൊടുപ്പാൻ അപ്പൊസ്തലൻ ആഗ്രഹി

ച്ചു. വിശ്വാസത്തിനും നടപ്പിനും എടുക്കേണ്ട അളവ് അവൻ ആയിരിക്കണം. കാരണം അവൻ അടിസ്ഥാന കല്ലും മൂലക്കല്ലും ആണ്, അത് നമ്മുടെ ബുദ്ധിമുട്ട് കുറക്കും, പക്ഷെ കർത്താവ് എന്നു പറയുമ്പോൾ, "ജീവനുള്ള കല്ലാണ്." ജീവിതം ദൈവിക സ്വാഭാവത്തിലുള്ളതായിരിക്കണം. ക്രിസ്തു അങ്ങനെ തന്നെയായിരുന്നു (യോഹ. 1:4). നമുക്ക് ഉള്ളത് മരിച്ച യേശുവല്ല, ഉയർത്തെഴുന്നേറ്റ കർത്താവാണ്, അവനെ ആണ് നാം ആരാധിക്കുന്നത്. തന്റെ സഭയുടെ പ്രവർത്തനങ്ങളിൽ അവൻ സജീവമായി ഇടപെടും. തന്റെ ജനം വിളിക്കുമ്പോൾ, അവൻ കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യും. യേശു ഇരിക്കുന്നത് ദൈവത്തിന്റെ വലത്തുഭാഗത്താണ്, അവിടെനിന്ന് അവൻ വീണ്ടും വരുമ്പോൾ നമ്മുടെ പ്രത്യാശ വെളിപ്പെടും. ഓരോ രൂപകാലങ്കാരവും അവർ മനസിലാക്കി ക്രിസ്ത്യാനികൾ ആരാധിക്കുന്ന യേശുവിനെ ജീവനുള്ള കല്ലായി പറഞ്ഞിരിക്കുന്നു.

ക്രിസ്ത്യാനികൾ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നത് **അവന്റെ അടുക്കൽ വന്നിട്ടാണ്**. "വന്ന്" (*പ്രോസെർക്കോമായി*) എന്നു പത്രൊസ് ഉപയോഗിച്ച അതേ ക്രിയ എബ്രായർ 4:16-ൽ തർജ്ജിമ ചെയ്തിരിക്കുന്നത് "അടുത്തു വരിക" എന്നാണ്. "നാം ധൈര്യത്തോടെ കൃപാസനത്തോട് അടുത്തു ചെല്ലുക." ദൈവത്തോട് അടുത്തു ചെല്ലുവാനുള്ള ക്ഷണത്തെ നിസാരമായി കാണരുത്. പരിശുദ്ധനായ ദൈവസന്നിധിയിൽ ചെല്ലുന്നത് അതി ഭയങ്കരം തന്നെയാണ്. ദൈവാലയത്തിൽ വെച്ച് യെശയ്യാവ് ദൈവത്തെ കണ്ടപ്പോൾ, "എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ ... എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ ദൈവത്തെ കണ്ടുവല്ലോ എന്നു പറഞ്ഞു!" (യെശ. 6:5). ഭയഭക്തിയില്ലാതെ പുരോഹിതന്മാർക്ക് പോലും യഹോവയുടെ സന്നിധിയിൽ ചെന്നു കൂടായിരുന്നു. അഹരോന്റെ രണ്ടു പുത്രന്മാർ അതനുഭവിച്ചു (ലേവ്യാ. 10:1, 2). ദൈവസന്നിധിയിൽ, പ്രാർത്ഥനക്കായാലും, ആരാധനക്കായാലും പ്രവേശിക്കുന്നത് ചെറിയ കാര്യമല്ലായിരുന്നു, എന്നാൽ ക്രിസ്ത്യാനികൾ ദൈവത്തോട് അടുക്കുന്നത് ധൈര്യത്തോടെയാണ്. മനുഷ്യരുടെ പാപങ്ങൾക്കായി മനുഷ്യവേഷം എടുത്ത് വന്ന രക്ഷകനെയാണ് നാം സേവിക്കുന്നത്: അവൻ ദയാലു എന്ന് അവർ രുചിച്ചറിഞ്ഞു. ദൈവസന്നിധിയിൽ ചെല്ലുന്നത് ഭീതിജനകമായിരിക്കാം, എന്നാൽ പക്ഷവാദം ചെയ്യുന്ന ക്രിസ്തുവിനോടുകൂടെ ആണെങ്കിൽ, "അവന്റെ അടുക്കലേക്ക് വരാം."

മനുഷ്യരാൽ "ത്യജിക്കപ്പെട്ടവൻ," "ജീവനുള്ള കല്ല്" ആയി തീരുന്നത് വിരോധാഭാസമായി തോന്നാം. അവൻ മുഖാന്തരമാണ് ജനം ദൈവസന്നിധിയിൽ എത്തുന്നത്. "അവൻ സ്വന്തത്തിലേക്ക് വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (യോഹ. 1:11). കർത്താവിന്റെ നയിക്കലാണ് അപ്പൊസ്തലൻ പിന്തുടർന്നത്. മനുഷ്യർ തള്ളിക്കളഞ്ഞ കല്ലിനെ ദൈവം തന്റെ ഗൃഹത്തിന്റെ മൂലക്കല്ലായി ഉയർത്തി വെച്ചു (ലൂക്കൊ. 20:17). മനുഷ്യർ തള്ളിക്കളഞ്ഞാലും സ്വീകരിച്ചാലും യേശു ദൈവത്തിനു **തിരഞ്ഞെടുക്കപ്പെട്ടവനും വിലയേറിയവനുമാണ്**. മറ്റു തർജ്ജിമകളിൽ "തിരഞ്ഞെടുത്തവനും വിലയേറിയവനും" എന്നാണ് (എൻആർഎസ്വി; നോക്കുക കെജെവി; എൻഐവി). അപ്പൊസ്തലൻ "തിരഞ്ഞെടുക്കപ്പെട്ട" എന്ന വാക്കു മുൻപ് ഉപയോഗിച്ച് തന്റെ വായനക്കാരെ കുറിച്ച് പറഞ്ഞിരുന്നതു. യേശുവിനെ ആളുകൾ ത്യജിച്ചെങ്കിലും, ദൈവം അവനെ തിരഞ്ഞെടുത്തു, അതുപോലെ പത്രൊസിന്റെ വായനക്കാർ

പരീക്ഷണങ്ങൾ അനുഭവിച്ചെങ്കിലും, അവർ തിരഞ്ഞെടുക്കപ്പെട്ടവരും ദൈവത്തിന് വിലയേറിയവരുമാണെന്ന് അവരെ ബോധ്യമാക്കുകയാണ്. അവർ കഷ്ടതയും പരീക്ഷണങ്ങളും നേരിട്ടത് ദൈവം അവരെ കൈവിട്ടതുകൊണ്ടല്ല. അവർ യേശുവിന്റെ മാതൃക പിൻപറ്റുകയായിരുന്നു (2:21).

**വാക്യം 5. ആത്മിയ ഗൃഹം** എന്നു പത്രൊസ് പറഞ്ഞത് യെരുശലേം ദൈവാലയമായി തെറ്റിദ്ധരിക്കരുത്. പഴയനിയമത്തിൽ "ഗൃഹം" എന്ന വാക്ക് പലപ്പോഴും ദൈവാലയത്തിന് ഉപയോഗിച്ചിട്ടുണ്ട്.[6] ഒരു യെഹൂദന്ന് അവന്റെ ദേശിയ നിലനിൽപും അവരുടെ സമൂഹത്തിന്റെ കേന്ദ്രബിന്ദുവും ആയിരുന്ന ദൈവാലയത്തെ ഛേദിക്കുക എന്നത് ചിന്തിക്കുവാൻ പോലും സാധ്യമല്ല (പ്രവൃ. 6:13, 14). ദൈവവും തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവുമായുള്ള ബന്ധത്തിൽ, മുഖ്യമായ ദൈവാലയത്തിനു പകരം തന്റെ ശരീരമായി മാറുമെന്ന് യേശു തന്നെ പറഞ്ഞിരുന്നു (യോഹ. 2:19–21). യെഹൂദന്മാരുടെ ദേശീയ ജീവിതവും മോശെയുടെ ന്യായപ്രമാണത്തിന്റെ സ്ഥാപനവുമായിരുന്നു ദൈവാലയം. ആ ആശയം ക്രിസ്ത്യാനികൾ എന്തുകൊണ്ട് വിട്ടുകളഞ്ഞില്ല? അതിന്റെ ഉത്തരം പത്രൊസ് നൽകുന്നത്, ക്രിസ്ത്യാനികളെ തങ്ങൾ ആരാണെന്ന് പഠിപ്പിക്കുന്നത് ദൈവാലയമായിരുന്നു. യേശു "ജീവനുള്ള കല്ല്" ആയിരുന്നു എന്നു പറഞ്ഞ്, അപ്പൊസ്തലൻ പണിയുന്ന രൂപകാലങ്കാരമായി ക്രിസ്ത്യാനികൾ "ആത്മിയ ഗൃഹമായി പണിയപ്പെടുന്നു എന്നാണ് പറയുന്നത്."

പഴയനിയമ ആശയങ്ങളിൽ പുതിയനിയമം നിരാകരിക്കുന്നതാണ് ദൈവത്തിന്റെ ആലയം. പഴയനിയമത്തിൽ ദൈവം തന്റെ നാമത്തെ സ്ഥാപിച്ചതും ദൈവത്തിന്റെ സാന്നിധ്യം ഉറപ്പു വരുത്തിയതും ദൈവാലയത്തിലായിരുന്നു. പുതിയനിയമത്തിലും ദൈവം വസിക്കുന്നത് ദൈവാലയത്തിലാണ്. ആകയാൽ ദൈവാലയം തുടരുകയാണ് ചെയ്യുന്നത്. കല്ലും ദൈവാലയവും മനോഹരമായിരുന്നു (മർ. 13:1), പുതിയ ദൈവാലയത്തിലെ **ജീവനുള്ള കല്ലുകൾ** വിലയേറിയതാണ്. ദൈവത്തിന്റെ മന്ദിരത്തിലെ കല്ലുകളെ മനോഹരമാക്കുന്നത് പൊന്നോ മറ്റു വിലയേറിയ ലോഹങ്ങളെക്കൊണ്ടല്ല, മറിച്ച് വിശ്വാസത്താലും നല്ല ക്രിസ്തീയ ജീവിതത്താലുമാണ്. പുതിയനിയമ എഴുത്തുകാർ ഉപയോഗിക്കുവാൻ ആഗ്രഹിച്ച രൂപകാലങ്കാരമാണ് സഭ നന്നായി-ഒത്തൊരുമിച്ച് ചേർത്തു പണിയുന്ന ഒരു മന്ദിരത്തിൽ ദൈവം വസിക്കുന്നു എന്നത് (1 കൊ. 3:16, 17; എഫെ. 2:21; എബ്രാ. 3:6).

പത്രൊസ് തന്റെ രണ്ടു ലേഖനങ്ങളിലും സഭ എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക. അതേ സമയത്ത്, ഒരുമിച്ചുള്ള ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യം അപ്പൊസ്തലൻ വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. വാക്യം 5-ൽ വിശ്വാസികൾ കൂട്ടമായി അന്യോന്യം ബന്ധപ്പെട്ട് "ആത്മിയ ഗൃഹം" ആയിട്ടാണ് പ്രതിനിധാനം ചെയ്തിരിക്കുന്നത്. 5:2-ൽ, അവൻ അവരെ വിളിച്ചത് "ദൈവത്തിന്റെ ആട്ടിൻകൂട്ടം എന്നാണ്." സഭയെ "ആത്മിയ ഗൃഹം" എന്നു പത്രൊസ് വിളിച്ചപ്പോൾ, അവൻ പറയുവാൻ ആഗ്രഹിച്ചതെന്തെന്ന് പൂർണ്ണമായി വ്യക്തമല്ല. പുതിയനിയമത്തിൽ "ആത്മിയ" എന്ന വാക്ക് വിവിധ രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ സാധ്യതകൾ താഴെ കൊടുത്തിരിക്കുന്നു: (1) വസ്തുക്കളെ കൊണ്ട് നിർമ്മിക്കാത്തതിനാൽ, സഭ "ആത്മിയ ഗൃഹമാണ്". "ആത്മിക യാഗം" എന്നതിൽ ആ അർത്ഥമാണ് പ്രകടമാക്കിയിരിക്കുന്നത് (2:5 ലും). "ആത്മിക പാറ" എന്നും (1 കൊ. 10:4),

"ആത്മിക ശരീരം" (1 കൊ. 15:44). (2) പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളിൽ വസിക്കുന്നു എന്നാണ് പത്രൊസ് പറഞ്ഞത് (റോമ. 8:14-16). സഭ "ആത്മിയ ഗൃഹമാകുവാൻ" കാരണം പരിശുദ്ധാത്മാവ് സഭയിൽ വസിക്കുന്നു. (3) പരിശുദ്ധാത്മാവ് സഭയെ നടത്തുന്നതുകൊണ്ട്, സഭ "ആത്മിക ഗൃഹമാണ്." നിയമം ആത്മിയമായിരിക്കുന്നതുപോലെ അത് ആത്മികമാണ് (റോമ. 7:14), അല്ലെങ്കിൽ വരങ്ങൾ ആത്മിയമായിരിക്കുന്നതുപോലെ (1 കൊ. 12:1) -തന്റെ ഇഷ്ടപ്രകാരം ആത്മാവ് പണിയുന്ന ഉപകരണങ്ങളാണ് നാം. മൂന്നാമത്തെ സാധ്യതയാണ് ഏറ്റവും നല്ലത്. സഭയിലും സഭ മുഖാന്തരവും പരിശുദ്ധാത്മാവ് ജീവനുള്ള കല്ലുകളായി പ്രവർത്തിക്കുന്നതിനാൽ സഭ "ആത്മിയ ഗൃഹമാണ്." കാരണം പരിശുദ്ധാത്മാവ് സഭയിലും സഭ മുഖാന്തരവുമാണ് പ്രവർത്തിക്കുന്നത്.

**പണിയുക** എന്ന ക്രിയയെ ഏതു വിധത്തിൽ തർജ്ജിമ ചെയ്യുന്നുവോ ആ രീതിയിലാണ് ഒരാൾ "ആത്മിയമായ" എന്ന വാക്ക് മനസിലാക്കുന്നത്, അങ്ങനെ അത് അയാളിൽ സ്വാധീനിക്കുകയും ചെയ്യും. അത് ഒരു പ്രസ്താവന ആയിരിക്കാം. "നിങ്ങൾ പണിയപ്പെട്ടിരിക്കുന്നത്," അല്ലെങ്കിൽ ഒരു കൽപനയായിരിക്കാം. "നിങ്ങളെ തന്നെ പണിയുക." ഈ സന്ദർഭത്തിൽ, ക്രിയ ഇന്റിക്കേറ്റിവ് മൂഡിലായാലും ആജ്ഞാരൂപത്തിലായാലും, അർത്ഥത്തിൽ വലിയ വ്യത്യാസം വരുന്നില്ല, എൻഏഎസ്ബി ഇന്റിക്കേറ്റിവ് മൂഡിലാണ് പറഞ്ഞിരിക്കുന്നത്. നല്ല പ്രയോഗം എൻഏഎസ്ബി ആണ്. ക്രിസ്തുവിന്റെ ശരീരത്തിലെ ജീവിതം വിശ്വാസികൾ പങ്കിടുമ്പോൾ, ദൈവമഹത്വത്തിനായി "ഒരു ആത്മിയ ഗൃഹമാകുവാൻ" പണിയപ്പെടുവാൻ പരിശുദ്ധാത്മാവ് അവരിൽ പ്രവർത്തിക്കുന്നു.

പത്രൊസ് കല്ലുകളിൽനിന്ന് ദൈവാലയത്തിലേക്കും, യാഗം കഴിക്കുന്ന പുരോഹിതന്മാരിലേക്കും പിന്നെ സ്വയം യാഗം അർപ്പിക്കുന്നതിലേക്ക് തന്റെ ഭാവനയെ മാറ്റി. വിശ്വാസികൾ കല്ലുകളും, ദൈവാലയവും, ഒരു **വിശുദ്ധ പുരോഹിത വർഗ്ഗവും** ആണ്. മോശെയുടെ ന്യായപ്രമാണത്തിൽ പുരോഹിന്മാർ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നിന്ന് യാഗം കഴിക്കുവാൻ അവർക്ക് മാത്രമെ അവകാശം ഉണ്ടായിരുന്നുള്ളു. പുരോഹിതനല്ലാതിരുന്ന യിസ്രായേലിന്റെ ആദ്യ രാജാവ് ശൗൽ ദൈവത്തിന് യാഗം അർപ്പിച്ചപ്പോൾ, അത് ദൈവനിന്ദയായിരുന്നു (1 ശമു. 13:8-14). എല്ലാ യിസ്രായേല്യരും പുരോഹിതന്മാരായിരുന്നില്ല, എന്നാൽ എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണ്. നവോത്ഥാനത്തിലെ ഏറ്റവും വലിയ ആവശ്യവും പൗരോഹിത്യ ശുശ്രൂഷയാണ് (വെളി. 1:6). ആ ആശയം പഴയനിയമകാലത്തും അറിയാമായിരുന്നു (പുറ. 19:6; യെശ. 61:6 നോക്കുക). അഹരോന്റെ പുത്രന്മാർക്ക് ദൈവത്തിന് നേർച്ച അർപ്പിക്കുവാൻ അവകാശം ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾക്ക് അവരുടെ ദാനങ്ങളുമായി കർത്താവിന്റെ സന്നിധിയിൽ ധൈര്യത്തോടെ അടുത്തു ചെല്ലാം. ദൈവം മുഖപക്ഷം നോക്കുന്നവനല്ല. അവന്റെ ഓരോ മക്കൾക്കും അവർ പുരോഹിതന്മാരാകയാൽ അവകാശത്തോടെ അവനെ സമീപിക്കാം.

വിശ്വാസികളെ "ആത്മിക ഗൃഹമായി" പണിതിരിക്കയാൽ യേശുക്രിസ്തു മുഖാന്തരം അവർക്ക് **ദൈവത്തിന് സ്വീകാര്യമായ ആത്മിക യാഗം കഴിപ്പാൻ** കഴിയും. ഗ്രീക്ക് ഭാഷയിലും എബ്രായ ഭാഷയിലും "യാഗം" എന്ന വാക്ക് സൂചിപ്പിക്കുന്നത് രക്താർപ്പിതമായിട്ടാണ്. മൃഗത്തെ കൊന്നിട്ടാണ് യാഗം അർപ്പിച്ചിരുന്നത്. എന്നാൽ ദൈവത്തിന് മറ്റു വസ്തുക്കൾ അർപ്പിക്കുന്നതിന്

ആലങ്കാരികമായി ആ വാക്ക് പിന്നീട് ഉപയോഗിച്ചിട്ടുണ്ട്. സങ്കീർത്തനക്കാരൻ എഴുതി, “ദൈവത്തിന്നു സ്തോത്രയാഗം അർപ്പിക്ക” (സങ്കീ. 50:14); “ഹനന യാഗം നീ ഇഛിക്കുന്നില്ല അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമ യാഗത്തിൽ നിനക്കു പ്രസാദവുമില്ല” (സങ്കീ. 51:16). “ദൈവത്തിന്ന് അവന്റെ നാമത്ത ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്ക” (എബ്രാ. 13:15).

ബൈബിൾ ഗ്രീക്കിൽനിന്നും എബ്രായ ഭാഷയിൽനിന്നും ലാറ്റിനിലേക്ക് തർജ്ജിമ ചെയ്തപ്പോൾ, ലാറ്റിനിൽ ചിലപ്പോൾ ഉപയോഗിച്ചിരിക്കുന്നത് *സാക്രി ഫിസിയം* എന്നാണ്, അർത്ഥം, “ഒരു വിശുദ്ധ ദാനം,” അല്ലെങ്കിൽ “ദൈവ ത്തിന്നു അർപ്പിച്ചതായ ഒരു ദാനം.” “രക്താർപ്പിതം” എന്ന അർത്ഥം വരുന്ന വാക്ക് ഇംഗ്ലീഷിൽ ഇല്ലാത്തതിനാൽ, “യാഗം” എന്ന അർത്ഥം വരുന്ന ലാറ്റിൻ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അത് മോശമായ ഒരു തിരഞ്ഞെടുപ്പ് അല്ല. വാസ്തവത്തിൽ ദൈവജനം ദൈവത്തിന് നേർച്ചകൾ, വഴിപാടുകൾ എന്നിവ അർപ്പിച്ചിരുന്നു. നിർഭാഗ്യവശാൽ “യാഗം” എന്ന വാക്ക് പ്രചുരപ്രചാരമായ പ്പോൾ, അതിന്റെ അർത്ഥം മാറി. അതിന്റെ അർത്ഥം, ആദ്യം ദൈവത്തിന്ന് “ഒരു ദാനം നൽകുക” എന്നായിരുന്നു, പക്ഷെ ആധുനികരായ ആളുകൾ യാഗത്തിന്റെ അർത്ഥം “ഒരാൾ എന്തെങ്കിലും ത്യജീക്കുക” എന്നാക്കി. യാഗം എന്നത് ആരാധകൻ തന്റെ എന്തെങ്കിലും ത്യജിക്കൽ അല്ല, മറിച്ച്, എന്തെ ങ്കിലും ദൈവത്തിന് നൽകി അവനോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതാണ്. ക്രിസ്ത്യാനികൾ എന്തെങ്കിലും ദൈവത്തിന് നൽകുന്നത് സ്തുത്യർഹമാണ്. എന്തെങ്കിലും നൽകുന്നത് സ്നേഹപ്രകടനമാകയാൽ ദൈവം അത് അനുവ ദിച്ചിരിക്കുന്നു.

**വാക്യം 6**. വാക്യം 4 ലും 5 ലും അപ്പൊസ്തലൻ പറഞ്ഞത് ഉറപ്പിക്കു ന്നതിനായി പഴയനിയമ തിരുവെഴുത്തുകൾ ഉദ്ധരിച്ചിരിക്കുന്നു. യിസ്രായേ ലിനുള്ള ദൈവത്തിന്റെ വെളിപ്പാടിൽ ക്രിസ്ത്യാനികൾ നസറേത്തുകാരനാ യ യേശുവിനെ കാണുന്നു. പത്രൊസ് അനവധി സന്ദേശങ്ങൾ നൽകിയിരി ക്കുന്നു: യെശയ്യാവ് 28:16; സങ്കീ. 118:22; യെശയ്യാവ് 8:14. സന്ദേശങ്ങളുടെ പൊ തുവായ വിഷയം പഴയനിയമത്തിലോ അവരുടെ ഉപദേശത്തിലോ ഇല്ലായി രുന്നു. എന്നാൽ അത് അവരുടെ “കല്ലുകളുടെ” ഉപയോഗത്തിൽ ഉണ്ടായി രുന്നു. LXX ന്റെ അതേ ഉദ്ധരണിയല്ല ആദ്യ വേദഭാഗമായ യെശയ്യാവ് 28:16. എന്നാൽ പല വാക്കുകളും അതിൽ കാണാം. അവസാനത്തെ പ്രയോഗം “വിശ്വസിക്കുന്നവൻ ...” എന്നത് LXX ൽ വാക്കിന് വാക്ക് എന്ന രീതിയിലാ ണ്. അതേ വേദഭാഗം പൗലൊസ് റോമർ 9:33–ൽ ഉദ്ധരിച്ചിരിക്കുന്നു, അവിടെ അവൻ അതിനെ യെശയ്യാവ് 8:14 മായി യോജിപ്പിച്ച് പറഞ്ഞിരിക്കുന്നു. യേശു യെഹൂദന്മാരാൽ ത്യജിക്കപ്പെട്ടു എന്ന പോയിന്റ് സ്ഥാപിക്കുവാനായിരുന്നു പൗലൊസ് അത് ഉദ്ധരിച്ചത്.

യെശയ്യാവ് 28:16 പരിശോധിക്കുന്ന വായനക്കാരൻ സന്ദർഭത്തിൽ പ്രവാച കൻ “ആ ആളുകളെ യെരുശലേമിൽ ഭരിക്കുന്നവരെ ... കുറിച്ച്” എഴുതിയിരി ക്കുന്നത് കാണും (യെശ. 28:14). അവൻ സംസാരിച്ചത് യിസ്രായേലിലെ അദ്ധ്യ ക്ഷന്മാരെ കുറിച്ചായിരുന്നു. അപ്പോഴത്തെ ഭരണാധികാരികൾക്ക് പകരം മറ്റൊ രു ഭരണാധികാരിയെ ആക്കുമെന്ന് പ്രവാചകൻ മുഖാന്തരം ദൈവം വാഗ്ദാനം ചെയ്തു. അങ്ങനെ “ന്യായത്തെ അളവ് ചരടും നീതിയെ തൂക്ക് കട്ടയും ആക്കി വെക്കും” (യെശ. 28:17). യെശയ്യാവ് ഇതെഴുതിയപ്പോൾ അവന്റെ

മനസിൽ യേശു ആയിരുന്നോ ഉണ്ടായിരുന്നത്? അത് അറിയുവാനുള്ള വഴി ഇല്ല, എന്നാൽ ദൈവശ്വാസിയ അപ്പൊസ്തലനും പ്രവാചകനുമായിരുന്ന പത്രൊസ് പറയുന്നത്, യേശു വാസ്തവത്തിൽ, ദൈവം **സിയോനിൽ** ഇട്ട **വിലയേറിയ മൂലക്കല്ല്** ആയിരുന്നു എന്നാണ്. മൂലക്കല്ല് ആയതുകൊണ്ട്, യേശുവാണ് തന്റെ ജനത്തിന്റെ അളവ് ചരട്. മൂലക്കല്ല് മുഖാന്തരമാണ്, എല്ലാ ജീവനുള്ള കല്ലുകളായ, ക്രിസ്ത്യാനികൾക്കും ദൈവത്തോട് ബന്ധപ്പെടുവാൻ കഴിയുന്നത്. ദൈവം ക്രിസ്തുവിൽ മൗലികമായി ചിലത് പുതുതായി ചെയ്തു. "ദൈവം ക്രിസ്തുവിൽ പുതിയതായി സൃഷ്ടിച്ചത്, മനുഷ്യന്റെ വീണ്ടെടുപ്പാണ്" എന്ന് ഏണെസ്റ്റ് എഴുതിയിരിക്കുന്നു.[7]

"സിയോൻ" ശരിയായി പറഞ്ഞാൽ, ദാവീദിന്റെ പട്ടണവും, ദൈവാലയത്തിന്റെ തെക്കുഭാഗത്തുള്ള ശിഖരവും ആയിരുന്നു (2 ശമൂ. 5:7). കാലം കഴിഞ്ഞപ്പോൾ യെരുശലേമിനു മുഴുവനായി മെറ്റോണിമി എന്ന പേർ വീണു (സങ്കീ. 102:21), പിന്നെ പ്രത്യേകമായി ദൈവാലയത്തിന്റെ അഗ്രഭാഗത്തെ അങ്ങനെ വിളിക്കുവാൻ തുടങ്ങി (യെശ. 8:18; മീഖാ. 4:7). യേശുവും അവനിൽ വിശ്വസിക്കുന്നവരും "ആത്മിയ ഗൃഹത്തിലെ" "ജീവനുള്ള കല്ലുകൾ" ആണെന്ന് പത്രൊസ് പറഞ്ഞിരിക്കയാൽ, ഈ വാക്യത്തിൽ അവൻ "സിയോൻ" എന്നു പറഞ്ഞത് ദൈവാലയത്തിന്റെ മുകൾഭാഗം ആയിരിക്കാം.

യേശുവിനെ കുറിച്ച്, അവൻ "സിയോനിൽ" ഇട്ട **തിരഞ്ഞെടുത്ത കല്ല്** ആയിരുന്നു. **അവനിൽ വിശ്വസിക്കുന്നവർ നിരാശരാവുകയില്ല** എന്ന് പത്രൊസ് പറഞ്ഞു. *ഔ മി* എന്ന ശക്തവും നിഷേധവുമായ ഭാവത്തിലാണ് അവൻ അത് ഊന്നി പറഞ്ഞത്. യേശുവിൽ വിശ്വസിച്ചതുകൊണ്ട് നിരാശപ്പെടുവാനുള്ള ഒരു സാഹചര്യവുമില്ല. എൻഏഎസ്ബിയിൽ ഗ്രീക്ക് വാക്ക് *കാറ്റായിസ്കുമോ* തർജ്ജിമ ചെയ്തിരിക്കുന്ന "നിരാശരാകുക" എന്നത് സാധാരണ "ലജ്ജിതരാകുക" എന്നാണ് പറഞ്ഞിരിക്കുന്നത്. എൻഐവിയിൽ "ഒരിക്കലും ലജ്ജിക്കപ്പെടുകയില്ല" എന്നാണ്. ഒരാൾ തന്റെ വിശ്വാസം ക്രിസ്തുവിൽ അർപ്പിക്കുമ്പോൾ, തരംതാഴ്ത്തലിനോ ലജ്ജക്കോ സ്ഥാനമില്ല. ഇംഗ്ലീഷ് വാക്ക് പറയുന്നതിനേക്കാൾ ശക്തമായതാണ് അത് ഗ്രീക്ക്-റോമാ ലോകത്ത്. ആനുകാലിക ഇംഗ്ലീഷിൽ, "ലജ്ജ" എന്ന വാക്ക് ഉപയോഗിക്കുന്നത് ആന്തരികവും മാനസികവുമായ ഒരു പ്രതിഭാസമായിട്ടാണ്. പത്രൊസ് താമസിച്ചിരുന്ന ഗ്രീക്ക് സംസ്ക്കാരത്തിൽ ലജ്ജ മറ്റുള്ളവരുടെ മുഖത്ത് നോക്കുവാൻ പറ്റാത്ത മനോഭാവത്തെയാണ് കാണിച്ചിരുന്നത്, ഒരുപക്ഷെ, ദൈവമുൻപാകെയും.

**വാക്യം** 7. പല വ്യാഖ്യാതാക്കളും പറയുന്നത് എൻഏഎസ്ബിലുള്ള **ഈ വിലയേറിയത്, വിശ്വസിക്കുന്ന നിങ്ങൾക്കാണ്** എന്നാണ്, എന്നാൽ നല്ല തർജ്ജിമ "അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാണ് മാന്യത" എന്നാണ്. അത് നല്ല വ്യാകരണവുമായി യോജിക്കുന്നു എന്നു മാത്രമല്ല, 2:6 ന്റെ അവസാനം ഉള്ള "ലജ്ജ" ക്ക് അന്തരം ജനിപ്പിക്കുന്നതുമാണ്. ഈ തർജ്ജിമയെ വാദിച്ചവരുടെ കൂട്ടത്തിൽ ഫ്രാൻസിസ് റൈറ്റ് ബെയറും ഉൾപ്പെടുന്നു. അദ്ദേഹം എഴുതി, "ദൈവം ക്രിസ്തു മുഖാന്തരം ഒത്തൊരുമിച്ച് മാന്യതക്കായി ആത്മിയ ഗൃഹമായി പണിയുന്നത് വിശ്വാസികൾക്ക് ദൈവം വെച്ചിരിക്കുന്ന മാന്യതക്ക് അനുസൃതമായിട്ടാണ്."[8] ബെയർ മനസിലാക്കിയതിൽ നിന്നും വ്യത്യസ്തമായിട്ടാണ് ഗ്രീക്ക് പ്രയോഗത്തെ എൻഏഎസ്ബി യുടെ തർജ്ജിമക്കാർ മനസിലാക്കിയത്. ദൈവം സിയോനിൽ ഇട്ട വിലയേറിയ കല്ല് ക്രിസ്ത്യാനികൾക്ക് "വിലയേറിയത്" ആയി അവർ മനസിലാക്കി.

സങ്കീർത്തനങ്ങൾ 118:22-ൽ ഉദ്ധരിച്ചിരിക്കുന്നത് (LXX ൽ 117:22) വിശ്വസിക്കുന്നവർക്കുള്ള ഫലത്തെ വിവരിച്ചിരിക്കുന്നു. ആ സങ്കീർത്തനം യേശു മത്തായി 21:42 ലും പത്രൊസ് പ്രവൃത്തികൾ 4:11 ലും ഉദ്ധരിച്ചിരിക്കുന്നു. രണ്ടു സ്ഥലത്തും യെഹൂദ മതാദ്ധ്യക്ഷന്മാരാണ് പണിയുന്നവരായി യേശുവിനെ തള്ളിക്കളഞ്ഞത്. പത്രൊസ് ഇവിടെ പറഞ്ഞ പോയന്റ് യേശു പറഞ്ഞതിൽനിന്നോ അല്ലെങ്കിൽ താൻ തന്നെ പ്രവൃത്തികൾ 4:11-ൽ പറഞ്ഞതിൽ നിന്നോ വ്യത്യസ്തമായിരുന്നില്ല. അപ്പോഴും യെഹൂദ നേതൃത്വം പണിതുകൊണ്ടിരുന്നപ്പോൾ, തള്ളിക്കളഞ്ഞ കല്ല് ആയിരുന്നു ക്രിസ്തു. അതങ്ങനെയാണെങ്കിലും ജാതികളുടെ വലിയ ലോകത്തോട് പത്രൊസ് പറഞ്ഞത്, ആ തള്ളിക്കളഞ്ഞ കല്ലിനെ ദൈവം മൂലക്കല്ല് ആക്കി എന്നാണ്. ഗ്രീക്ക് പ്രയോഗം അക്ഷരികമായി, “മൂലയുടെ തല” (കെജെവി; ഏഎസ്‌വി).

2:6-ൽ സിയോനിൽ മൂലക്കല്ല് ഇട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു വ്യത്യാസമുള്ള അർത്ഥമാണ് “മൂലയുടെ തല” എന്ന തർജ്ജിമക്കുള്ളത് എന്നതിനാൽ അതായിരിക്കുകയില്ല. “മൂലയുടെ തല” എന്നതിനു മുഖ്യകല്ല് എന്നു അർത്ഥം വരാമെങ്കിലും, അതായിരിക്കുകയില്ല. മുമ്പിലുള്ള വാക്യത്തിലേയും (2:6) ഈ സന്ദർഭത്തിലേയും “മൂലക്കല്ല്” അടുത്ത വാക്യത്തിൽ (2:8) “ഇടർച്ച കല്ല്” എന്നു പറയുന്നതും “മൂലയുടെ തലയും” “മുലക്കല്ലും” പര്യായമാണ്. മുഖ്യകല്ലിന്മേൽ തട്ടി ഒരാൾ ഇടറിയേക്കാം, കല്ലിന്റെ ഘടനയിൽ അതിന് ഉയർന്ന സ്ഥാനമാണുള്ളത്. വിശ്വസിക്കാതിരുന്നവർക്ക് സാക്ഷ്യത്തിനായിട്ടാണ് ദൈവം യേശുവിനെ മുലക്കല്ല് ആക്കി വെച്ചത്. യേശുവിന്റെ ജീവിതത്തിലും, തന്റെ ജനത്തിന്റെ ജീവിതത്തിലും ദൈവം സജീവമായി പ്രവർത്തിക്കുന്നു എന്നു കാണിക്കുന്നതാണ് അത്.

**വാക്യം 8. ഇടർച്ചക്കല്ലും തടങ്ങൽ പാറയും** എന്ന ഈ വാക്യത്തിലെ ആദ്യഭാഗം, യെശയ്യാവ് 8:14 ന്റെ എബ്രായ ഭാഷയിൽനിന്ന് ഗ്രീക്ക് ഭാഷയിലേക്ക് അയഞ്ഞ തർജ്ജിമ നടത്തിയിരിക്കുന്നതാണ്. താൻ പരിശുദ്ധനും ഭയപ്പെടേണ്ടവനുമാണ് എന്ന് ദൈവം പ്രവാചകനായിരുന്ന യെശയ്യാവിൽ കൂടെ തറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഗൂഢാലോചന നടത്തുന്നവരെ ഭയപ്പെടേണ്ട. തന്നെ ആശ്രയിക്കുന്നവർക്ക് ദൈവം സങ്കേതമാകുന്നു. എന്നാൽ യിസ്രായേലിന്നും യെഹൂദക്കും അവൻ ഒരു ഇടർച്ചകല്ലും തടങ്ങൽ പാറയുമായി. യെശയ്യാവിന്റെ വാക്കുകൾ പ്രായോഗികമായി പത്രൊസ് കണ്ടത് അന്നത്തെ ജനങ്ങൾക്കിടയിൽ ആയിരുന്നു. അവിശ്വസിച്ചവർക്ക് ദൈവം “മൂലയുടെ തലയാക്കിയിരുന്നവൻ” അപമാനവും ഇടറുവാനുള്ള അവസരവുമായി തീർന്നു. പത്രൊസ് ആളുകളെ രണ്ടായിട്ടായിരുന്നു കണ്ടത്. യേശുവിൽ വിശ്വസിച്ചവരും, അവിശ്വസിച്ച് അവനിൽ ഇടറിയവരും.

വാക്യത്തിന്റെ അവസാനഭാഗം പ്രയാസമുള്ളതാണ്. അക്ഷരികമായി അതു വായിക്കുന്നത്, “അതിനായി, അവരെ വെച്ചുമിരിക്കുന്നു.” വേദശാസ്ത്ര പണ്ഡിതന്മാർ അത് വായിച്ച ഉടനെ മുൻനിർണ്ണയത്തിലേക്ക് കടക്കുന്നു. പത്രൊസ് ലേഖനത്തിൽ ഉടനീളം തന്റെ വായനക്കാരോട് പറയുന്നത്, പാപത്തിൽനിന്നു വിട്ടു തിരിയുവാനും, നിർമ്മദരാകുവാനും, ഉൽസാഹത്തോടെ പ്രത്യാശിക്കുവാനുമാണ് എന്നതാണ് കാണേണ്ടത്. ദൈവം നിത്യതയിൽ തന്നെ വ്യക്തികളെ ചിലരെ നിത്യജീവനും മറ്റുള്ളവരെ നിത്യ ദണ്ഡനത്തിനുമായി മുൻനിശ്ചയിച്ചു കഴിഞ്ഞു എങ്കിൽ അപ്പൊസ്തലന്റെ പ്രബോധനം പരിഹാസ്യമായി തീരും. പിന്നെ ദൈവം തീരുമാനിച്ചുകഴിഞ്ഞ സ്ഥിതിക്ക് എന്തു

ചെയ്യണം എന്നു പറയുന്നത് തന്നെ അർത്ഥശൂന്യമാകും. എൻഏഎസ്ബിയിൽ **ആ നാശത്തിന് അവരെ നിയമിച്ചിരിക്കുന്നു** എന്ന പ്രയോഗത്തിലെ “നാശം” എന്നത് ചരിച്ചെഴുതിയിരിക്കുന്നു. അത് സൂചിപ്പിക്കുന്നത് തർജ്ജിമക്കാർ കൂട്ടി ച്ചേർത്തു എന്നാണ്.

ദൈവം തന്റെ പുത്രനെ വീണ്ടെടുക്കുവാൻ അയച്ചിട്ടുപോലും, ചിലർ **ഇടറി അനുസരിക്കാതിരിക്കും** എന്ന് അവന് മുമ്പെ തന്നെ അറിയാമായി രുന്നു. ചിലർ ഇടറും എന്ന് പറഞ്ഞതിൽ പത്രൊസിന്റെ വായനക്കാർക്ക് അതിശയം തോന്നിയിരുന്നില്ല. ചിലർ അനുസരിക്കാതിരിക്കുമെന്ന് പത്രൊസ് പറഞ്ഞപ്പോൾ, ആരൊക്കെയായിരിക്കുമെന്ന് പത്രൊസിന് അറിയാമായി രുന്നില്ല. ദൈവം തന്റെ വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കുമ്പോൾ, ചിലർ ക്രിസ്തുവിൽ വിശ്വസിക്കുകയും മറ്റുള്ളവർ ഇടറുകയും ചെയ്യുമെന്ന് ദൈവ ത്തിന് മുൻപ് തന്നെ അറിവുള്ളതായിരുന്നു.

## അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് വിളിച്ചു
## (2:9, 10)

**9നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നി ങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടു ക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. 10മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവ ത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.**

യിസ്രായേലും സഭയും തമ്മിലുള്ള തുടർച്ച പൗലൊസിന്റെ മനസിൽ അകലെ ആയിരുന്നില്ല. മിസ്രയിമിൽനിന്നു വിളിച്ചു ദൈവത്താൽ തിരഞ്ഞെ ടുത്ത ദേശവും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം അപ്പൊസ്തലനു വ്യക്തമായി അറിയാമായിരുന്നു. ക്രിസ്തുവിൽ ആകുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വംശത്തോടുകൂടെ ആകുക എന്നർത്ഥം, അതോടൊപ്പം അഹരോന്റെ വംശത്തോടുകൂടെ ചേരുക എന്നതാണ്. ഒരു ദേശമായി യിസ്രായേലിന്റെ വിശുദ്ധി അവർ പലപ്പോഴും തെറ്റിച്ചുകളഞ്ഞു. ക്രിസ്തുവിന്റെ പ്രവൃത്തി അതിനെല്ലാം മാറ്റം വരുത്തി. ഇപ്പോൾ ജനമല്ലാതി രുന്ന ആളുകൾ ദൈവത്തിന്റെ ജനമായി തീർന്നു.

**വാക്യം 9.** ഈ വാചകത്തിന്റെ ആരംഭത്തിൽ **നിങ്ങളോ** എന്ന് ഊന്നി പറഞ്ഞിരിക്കുന്നു. അനുസരിക്കാതിരിക്കുന്നവർ ക്രിസ്തുവിൽ ഇടറും എന്നു പറഞ്ഞശേഷം പത്രൊസ് പറഞ്ഞു, “നിങ്ങളോ” എന്നു അവരോട് പറയുമ്പോൾ അവർ ആകെ മാറിയിരിക്കുന്നു. എൻഏഎസ്ബിയിൽ ക്രിസ്ത്യാനികളുടെ നാല് രൂപകാലങ്കാരങ്ങൾ അപ്പൊസ്തലൻ എടുത്തു കാണിച്ചിരിക്കുന്നതായി പറയുന്നു. ഓരോ നാമത്തിനും വിശേഷതാ യോഗ്യതയുണ്ട്: വംശം തിര ഞ്ഞെടുക്കപ്പെട്ടവരും, **രാജകീയ പുരോഹിതവർഗ്ഗവും, ജാതിയും, വിശു ദ്ധരും** ദൈവത്തിന്റെ **സ്വന്ത ജനവും** ആകുന്നു. ഒരു യെഹൂദ ക്രിസ്ത്യാനിക്ക് തന്റെ ചിന്ത പൂർണ്ണമായി മാറ്റുവാൻ ഉതകുന്ന രൂപകാലങ്കാരങ്ങളാണ് അവ. ഒരുപക്ഷെ യെഹൂന്മാരുടെ ആത്മ-ജ്ഞാനത്തിന് ദൈവത്തിന്റെ തിരഞ്ഞെടു പ്പിനേക്കാൾ വലുതായി മറ്റൊന്ന് ഇല്ലായിരിക്കാം. ഒരിക്കൽ യിസ്രായേലിനെ മാത്രമായിരുന്നു ദൈവം തിരഞ്ഞെടുത്തത്. മറ്റു ദേശക്കാരെ ആരെയും തിര

ഞ്ഞെടുത്തിരുന്നില്ല. മറ്റു മനുഷ്യർക്ക് ലഭിക്കാതിരുന്ന വിളിയായിരുന്നു അത് എന്ന് യെഹൂദനായിരുന്ന പത്രൊസിന് അറിയാമായിരുന്നു. വിളി സ്വീകരിക്കുന്ന ഏതു ജാതിക്കാരായാലും വർഗ്ഗക്കാരായാലും ക്രിസ്തു മുഖാന്തരം "തിരഞ്ഞെടുക്കപ്പെട്ട വംശമാക്കുന്നു." കൊർന്നെല്യാസിനോടും അവന്റെ ഭവനത്തിലുള്ളവരോടും അപ്പൊസ്തലൻ പറഞ്ഞു, "ദൈവത്തിന്നു മുഖപക്ഷം ഇല്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു" (പ്രവൃ. 10:34, 35).

യേശുക്രിസ്തുവിന്റെ സഭ ആയ "പുതിയ യിസ്രായേൽ" എന്ന ആശയം വീണ്ടും കൊടുക്കുവാനായി യിസ്രായേലിന്റെ ചരിത്രത്തിലേക്ക് ആഴമായി ഇറങ്ങുന്ന ആശയങ്ങളുള്ള പ്രയോഗം നടത്തുവാൻ പത്രൊസിന് വിഷമമുണ്ടായിരുന്നില്ല. ആദ്യ ക്രിയാവിശേഷണവും/നാമവും യോജിപ്പിച്ച് "തിരഞ്ഞെടുത്ത വംശം" എന്ന് നേരിട്ടാണ് പറയുന്നത്. തന്റെ വായനക്കാരെ പത്രൊസ് "തിരഞ്ഞെടുക്കപ്പെട്ടവർ" എന്നു പറഞ്ഞു കഴിഞ്ഞിരുന്നു. അപോക്രിഫൽ പ്രവർത്തനങ്ങളിൽ പ്രൊട്ടസ്റ്റന്റ്കാർ പൊതുവിൽ 2എസ്ദ്രാസ് എന്നാണ് വിളിച്ചിരിക്കുന്നത് ആളുകളെ ദൈവം തിരഞ്ഞെടുത്തിട്ടും അവർ അസാധാരണ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു എന്ന് എസ്രാ ദൈവത്തോട് പരാതിപ്പെട്ടിരുന്നു. അവന്റെ പ്രാർത്ഥനക്കിടയിൽ യിസ്രായേൽ "തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന്" ദൈവത്തെ ഓർപ്പിക്കയുണ്ടായി.

> "എന്റെ യജമാനനും കർത്താവുമായുള്ളോവേ", ഞാൻ പറഞ്ഞു, "ഭൂമിയിലെ എല്ലാ കാടുകളിൽനിന്നും, എല്ലാ വൃക്ഷങ്ങളിൽനിന്നും, ഒരു മുന്തിരിവള്ളിയെ നീ തിരഞ്ഞെടുത്തു; ലോകത്തിലെ സകല ദേശങ്ങളിൽനിന്നും നീ ഒരു സ്ഥലം മാത്രം തിരഞ്ഞെടുത്തു; ലോകത്തിലെ സകല പുഷ്പങ്ങളിൽനിന്നും നീ ലില്ലി മാത്രം തിരഞ്ഞെടുത്തു. എല്ലാ സമുദ്രങ്ങളുടേയും ആഴങ്ങളിൽനിന്നു നീ ഒരു നദി മാത്രം നിനക്കായി നിറക്കുകയും പണിതിട്ടുള്ള പട്ടണങ്ങളിൽ സീയോൻ മാത്രം നിനക്കായി മാറ്റി വെച്ചു. എല്ലാ പക്ഷികളിൽനിന്നും ഒരു പ്രാവിനെ മാത്രം നിനക്ക് ആയി പേരിടുകയും എല്ലാ മൃഗങ്ങളിൽനിന്നും ഒരു ആടിനെ മാത്രം നീ എടുത്തു. ഭൂമിയിലെ അസംഖ്യം ദേശങ്ങളിൽനിന്ന് ഒരു ദേശത്തെ നീ നിന്റേതായി ദത്തെടുക്കുകയും മറ്റെല്ലാവരിലും വെച്ച് അവർക്ക് നീ ഒരു നിയമം നൽകുകയും ചെയ്തു."[9]

അവർക്ക്, ദൈവത്തിലേക്ക് പ്രവേശനം ഉണ്ട് എന്ന അവകാശപ്പെട്ട യിസ്രായേലിനെ പത്രൊസ് അക്ഷരികമായി ഉപേക്ഷിക്കേണ്ടിയിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ക്രിസ്തുവിലായ, യെഹൂദന്മാരും ജാതികളും ഒന്നായി തീരുന്നു എന്ന് തന്റെ വായനക്കാർ മനസിലാക്കണമെന്ന് അപ്പൊസ്തലൻ ആഗ്രഹിച്ചു.

രണ്ടാമത്തെ ക്രിയാവിശേഷണവും/നാമവും സംയോജിപ്പിച്ചിരിക്കുന്നത്, "രാജകിയ പുരോഹിതവർഗ്ഗം" ആണ്. "രാജകിയം" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് (ബാസിലെയിയോൺ) പുതിയനിയമത്തിൽ ലൂക്കൊ. 7:25 ൽ കൂടെ മാത്രമാണ് കാണുന്നത്. അവിടെ അത് എൻഏഎസ്ബിയിൽ നാമത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, "രാജധാനികൾ." കൂടാതെ, പത്രൊസിന്റെ പ്രയോഗത്തിലെ ക്രമം "രാജകീയ പുരോഹിത വർഗ്ഗം" നാം പ്രതീക്ഷിക്കു

ന്നില്ല. "തിരഞ്ഞെടുക്കപ്പെട്ട ജാതിയും," "വിശുദ്ധ വംശവും" എന്നീ രണ്ടിലും നാമത്തിനു ശേഷം ആണ് ക്രിയാവിശേഷണം വരുന്നത്. (ഗ്രീക്കിൽ ക്രിയാ വിശേഷണം ഒന്നുകിൽ നാമത്തിനു മുൻപോ അല്ലെങ്കിൽ ശേഷമോ വരാം.) "രാജകീയ പുരോഹിതവർഗ്ഗം" എന്നതിൽ നേരെ എതിരായിട്ടാണ് സംഭവി ച്ചിരിക്കുന്നത്, അതായത്, "രാജകീയ" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കു ന്നത് നാമത്തിന് മുൻപായിട്ടാണ്. ആ മൂന്നു പ്രയോഗങ്ങളും സമാന്തരമായി കാണുവാനാണ് ഒരാൾ പ്രതീക്ഷിക്കുന്നത്. "രാജകിയ പുരോഹിതവർഗ്ഗം" (ബാസിലെയിയോൺ ബിയരാടെയുമാ) അത് LXX ലെ പുറപ്പാട് 19:6- നിന്നുള്ളതാണ്, അർത്ഥം തുല്യമായി അനിശ്ചിതം എന്നാണ്.

ആ പരിഗണനകളെല്ലാം വെച്ചു നോക്കുമ്പോൾ, തർജ്ജിമക്കാർ ആ പ്രയോഗത്തെ തെറ്റിദ്ധരിച്ചതാകാം എന്നു മനസിലാകും. "രാജകീയ" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് ഒരു നാമം ആയിട്ടാണ്, അർത്ഥം ലൂക്കൊസ് 7:25 ലേതുപോലെ "രാജകിയ വീട്" എന്നാണ്, ഒരു തർജ്ജിമയിൽ വാക്കുകൾക്കിടയിൽ ഒരു കോമാ ഇട്ടിട്ടുണ്ട്, "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട തലമുറയും, രാജകിയ ഭവനവും, പുരോഹിത വർഗ്ഗവും, വിശുദ്ധ വംശവും ആണ് ..."[10] പത്രൊസ് മുൻപ് ക്രിസ്ത്യാനികളെ "ജീവനുള്ള കല്ലുകൾ" ആയി "ആത്മിയ ഗൃഹമായി" പണിയപ്പെടുന്നു എന്നു പറഞ്ഞത് ഇതിനെ ആകർഷണിയമാക്കുന്നു. എങ്ങനെയായാലും, *ബാസിലെയിയോൺ* ഒരു ക്രിയാവിശേഷണം ആയിരിക്കാം, "രാജകിയ പുരോഹിതവർഗ്ഗം" ആണ് അർത്ഥമെങ്കിൽ, ക്രിസ്ത്യാനികൾ രാജാവിന്റെ സേവകരാണ്, അതായത്, യേശുവിന്റെ ദാസന്മാർ. ക്രിസ്ത്യാനികൾക്ക് രാജകിയ യോഗ്യതകൾ ഉണ്ട് എന്നല്ല അപ്പൊസ്തലൻ പറഞ്ഞത്.

തന്റെ വായനക്കാർ "പുരോഹിത വർഗ്ഗം" ആണ് എന്നാണ് പത്രൊസ് പറ ഞ്ഞത്, അല്ലാതെ വ്യക്തികളായി പുരോഹിതന്മാർ എന്നല്ല. അതിൽ വ്യത്യാസം ഉണ്ട്. സമൂഹത്തിലെ പൗരോഹിത്യ ശുശ്രൂഷകളിൽനിന്നു സ്വയം-മനസിലാ ക്കിയിട്ടുള്ളതാണ് "പുരോഹിത വർഗ്ഗം" എന്നത്. സഭയുടേതായി പറഞ്ഞിരി ക്കുന്ന "പുരോഹിത വർഗ്ഗം" വിവരിച്ചിരിക്കുന്നത് മൊത്തത്തിലുള്ള ഒന്നാ യിട്ടാണ്. അത് "ജാതി" എന്നും "വംശം" എന്നും പറയുന്നതുപോലെയാണ്. ദേശത്തിന്റെ പുറത്ത് അഹരോന്റെ പൗരോഹിത്യ ശുശ്രൂഷ ഇല്ലാതിരുന്നതു പോലെ, വിശ്വാസികളുടെ സംഘത്തിനപ്പുറമായി "പുരോഹിത വർഗ്ഗ" അഭ്യാസം ഇല്ല. "പുരോഹിത വർഗ്ഗം" എന്ന വാക്ക് പത്രൊസ് രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (2:5, 9), ആ വാക്കുകളെ വ്യത്യസ്തമായിട്ടാണ് സന്ദർഭം വ്യക്തമാക്കുന്നത്. 2:5-ൽ "പുരോഹിത വർഗ്ഗത്തിന്റെ" കടമകളെ ആണ് പത്രൊസ് പരിഗണിച്ചിരിക്കുന്നത്, ഉദാഹരണമായി, ദൈവത്തിന്നു പ്രസാദകര മായ യാഗം അർപ്പിക്കുക. 2:9-ൽ, "പൗരോഹിത്യ" കടമകളേക്കാൾ പുരോഹിത ന്മാരാകുമ്പോഴത്തെ നേട്ടങ്ങളെ കുറിച്ചാണ് വിവരിക്കുന്നത്. വിശ്വാസികളുടെ സമൂഹം പങ്കിടുന്നതിനാൽ, പത്രൊസിന്റെ എല്ലാ രൂപകാലങ്കാരങ്ങളും നേട്ട ങ്ങളെയാണ് എടുത്ത് കാണിക്കുന്നത്. ക്രിസ്ത്യാനികൾ "തിരഞ്ഞെടുക്കപ്പെട്ട വംശവും, പുരോഹിത കൂട്ടവും, രാജകിയ വാസികളും, വിശുദ്ധ ജനവും" ആകയാൽ, അനുഗ്രഹിക്കപ്പെട്ടവരാണ്.

വിശ്വാസികൾ "ദൈവത്തിന്റെ സ്വന്തജനം" ആകയാലും അവർ അനുഗ്ര ഹിക്കപ്പെട്ടവരാണ്. ആ പ്രയോഗം യെശയ്യാവ് 43:20, 21 പോലെയാണ്. യെശ യ്യാവിൽ ദൈവം വാഗ്ദാനം ചെയ്തു, "ഞാൻ എനിക്ക് വേണ്ടി നിയമിച്ചിരി

ക്കുന്ന ജനത്തിന് ഞാൻ കുടിപ്പാൻ കൊടുക്കും.” ദൈവത്തിനു വേണ്ടി നിയമിക്കുന്നത് യിസ്രായേൽ മനസിലാക്കിയതുപോലെ, തങ്ങൾ ദൈവത്തിന്റെ സ്വന്ത ജനമാണെന്ന് ക്രിസ്ത്യാനികൾ മനസിലാക്കണം. ക്രിസ്ത്യാനികളുടെ പരാജയങ്ങൾ എടുത്ത് കാണിച്ച് അ-വിശ്വാസികൾ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുമ്പോൾ, തങ്ങൾ അവനുള്ളവരാണെന്ന് ദൈവം അവകാശപ്പെട്ടിരിക്കുന്നത് അവർ ഓർക്കണം. തന്റെ അനുയായികളെ യേശു ഇങ്ങനെ അനുമോദിക്കുന്നു, “നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു ... നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു” (മത്താ. 5:13, 14).

ക്രിസ്ത്യാനികൾ ദൈവത്തിനുള്ളവരായത് ഒരു ഉദ്ദേശത്തിനു വേണ്ടിയാണ്. മനുഷ്യരെ വീണ്ടെടുക്കൽ, പാപമോചനം, നിത്യജീവൻ-എന്നിവ ക്രിസ്ത്യാനി ആകുന്നതിൽ ഉൾപ്പെടുന്നു-അത് സ്വന്ത മഹത്വത്തിനല്ല, ദൈവമഹത്വത്തിനാണ്. അത് നിങ്ങളെ **വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാനാണ്**. ആശയ സംഘട്ടനങ്ങളുടേയും മൽസരങ്ങളുടേയും ഇടയിൽനിന്നാണ് ഒരാൾ ക്രിസ്ത്യാനിത്വം തിരഞ്ഞെടുക്കുന്നത്, കാരണം അത് തന്റെ ജീവിതത്തിനു യോജിച്ചതും നല്ലതുമാണ് എന്നതിനാലത്രെ. ലോകത്തെ പരാജയപ്പെടുത്തി കഴിഞ്ഞവരാണ് അവർ. ക്രിസ്ത്യാനികൾ അങ്ങനെയായത് ദൈവത്തിന്റെ “സൽഗുണങ്ങളെ” ഘോഷിപ്പാനാണ്. പ്രത്യാശാ രാഹിത്യത്തിൽനിന്നും, നിരാശയിൽനിന്നും ആളുകളെ ക്രിസ്തു വിടുവിക്കുകയാണ്, അല്ലെങ്കിൽ പത്രൊസ് പറഞ്ഞതുപോലെ, **ഇരുട്ടിന്റെ അധികാരത്തിൽനിന്ന് അത്ഭുത പ്രകാശത്തിലേക്ക്** വേർതിരിച്ചിരിക്കുകയാണ്. വിശ്വാസികൾ തന്നെത്താൻ മറന്ന് അവന്റെ മഹത്വം അന്വേഷിക്കുമ്പോഴാണ് അവർക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ കഴിയുന്നത്.

**വാക്യം 10**. അവർ ദൈവത്തിന്റെ ജനമാണ് എന്ന് തന്റെ വായനക്കാരെ തറപ്പിച്ച് ബോധ്യപ്പെടുത്തുവാൻ അപ്പൊസ്തലൻ പഴയനിയമ ഭാഷയും ഭാവനയും ഉപയോഗിക്കുന്നത് തുടരുകയാണ്. യിസ്രായേലിനു വേണ്ടി പ്രതീക്ഷിച്ചതായ വാക്കാണ് “ജനം” (*ലാവോസ്*). യെഹൂദന്മാര-ല്ലാത്ത ജനത്തെ പറയുവാൻ ഉപയോഗിച്ച വാക്കാണ് (*എത്നോസ്*). വാമൊഴിയായി പത്രൊസ് ഹോശെയാവ് ഉദ്ധരിച്ചില്ല, എങ്കിലും എട്ടാം-നൂറ്റാണ്ടിലെ പ്രവാചകന്റെ ചിന്ത അവന്റെ വാക്കുകളിൽ പ്രതിധ്വനിച്ചിരിക്കുന്നു. ഹോശെയാ പ്രവാചകന്റെ വാക്കുകൾ കടമെടുത്ത് പ്രവാചകൻ ചെയ്തതുപോലെ ചെയ്യുവാൻ പത്രൊസ് ആഗ്രഹിച്ചില്ല. ഹോശെയാവിന്റെ വാക്കുകൾ തികച്ചും വ്യക്തിപരമായിരുന്നതിനാൽ അവനും അവന്റെ ഭാര്യയും മക്കളും അടയാളങ്ങളും സൂചനകളുമായി. അവന്റെ ഭാര്യ “ഗോമർ പരസംഗം” ചെയ്തു (ഹോശെ. 1:2), അങ്ങനെ പ്രവാചകന് ലഭിച്ച മകൾക്ക് “കരുണ ലഭിക്കാത്തവൾ” എന്നു പേരിട്ടു (ഹോശെ. 1:6), ഒരു പുത്രനുണ്ടായപ്പോൾ അവന്, “എന്റെ ജനമല്ലാത്തവൻ” എന്നു പേരിട്ടു (ഹോശെ. 1:9). ക്രമേണ ദൈവത്തിന്റെ കരുണ യിസ്രായേലിന്റെ പാപത്തിന്മേൽ വിജയം കൈവരിച്ചു. “കരുണ ലഭിക്കാത്തവളോട് ഞാൻ കരുണ കാണിക്കും. എന്റെ ജനമല്ലാത്തതിനോട്, ‘നീ എന്റെ ജനം എന്നു പറയും!’ ” (ഹോശെ. 2:23).

തന്റെ വായനക്കാരിൽ ഭൂരിഭാഗം വരുന്ന ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരോട് സന്ദേശം ഉറപ്പിച്ചുകൊടുപ്പാൻ അപ്പൊസ്തലൻ ഹോശെയാവിന്റെ വാക്കുകൾ കടമെടുത്തു. **ഒരിക്കൽ ജനം അല്ലാതിരുന്നവർ; ഇപ്പോഴോ, ദൈവത്തിന്റെ ജനമായി; മുൻപ് കരുണ ലഭിക്കാത്തവർ, ഇപ്പോഴോ, കരുണ**

**ലഭിച്ചവർ** എന്നു പറഞ്ഞു, പഴയനിയമ പ്രവാചകന്റേതിൽനിന്നു വ്യത്യസ്ത മായിരുന്നു പത്രൊസിന്റേത്. യിസ്രായേലിന്റെ അധർമ്മവും വിഗ്രഹാരാധന യും കാരണം അവർക്ക് ന്യായവിധി വരുന്നു എന്നാണ് ഹോശെയാവ് ജന ത്തോട് പറഞ്ഞത്. എന്നാൽ ദൈവത്തിന്റെ കരുണ നിന്നു-പോകുന്നതല്ല എന്ന് ഹോശെയാവ് യിസ്രായേലിനെ ഉറപ്പിച്ച് ബോധ്യപ്പെടുത്തി. തന്റെ ജനത്തോട് ദൈവം വീണ്ടും കരുണ കാണിക്കുന്നത് പ്രവാചകൻ മുൻ-കാണുകയുണ്ടായി.

പത്രൊസിന്റെ വാക്കുകളിൽ ന്യായവിധി ഇല്ലാത്തതിനാൽ, പത്രൊസി ന്റേയും ഹോശെയാവിന്റേയും സന്ദേശങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ദൈവ ത്തിന്റെ വാഗ്ദാനങ്ങളെയും കരുണയെയും ജാതികൾ മുൻപ് അറിഞ്ഞിരു ന്നില്ല, എന്നാൽ ഇപ്പോൾ അവർ ജനമായി, ദൈവത്തിന്റെ സ്വന്ത ജനമായി തീർന്നു. റോമർ 9:25, 26-ൽ, പൗലൊസ് ഹോശെയാവിന്റെ ഉദ്ധരണി പത്രൊസ് പറഞ്ഞതിനേക്കാൾ ചുരുക്കമായി പറഞ്ഞിരിക്കുന്നു, എന്നാൽ പൗലൊസിന്റെ വാക്കുകളും വ്യക്തമാക്കുന്നത് ദൈവ ജനം എന്നു പറയുന്നത്, “യെഹൂദ ന്മാരിൽനിന്നു മാത്രമല്ല, ജാതികളിൽനിന്നുകൂടെയാണ്” എന്നത്രെ (റോമ. 9:24). പത്രൊസ് റോമാ ലേഖനം വായിച്ചിരുന്നു എങ്കിൽ, അതിന് സാധ്യത വളരെയാണ്, അങ്ങനെയെങ്കിൽ, പൗലൊസ് തന്റെ ആശയങ്ങൾ അവനോട് അറിയിച്ചിരിക്കാം. പത്രൊസിന്റേയും പൗലൊസിന്റേയും എഴുത്തുകളിൽ വാക്കുകളുടേയും വിവേചനത്തിന്റേയും സാമ്യം നമുക്ക് കാണാം. ലോക ത്തിലെ പൊതു ചിന്തകൾ, സംശയരഹിതമായി, അപ്പൊസ്തലന്മാരുടെ ആശ യവിനിമയത്തിൽ പങ്ക് വെച്ചിരിക്കാം; എന്നാൽ അവർ തമ്മിൽ കണ്ടിരുന്നത് 1 പത്രൊസിന്റെ ലേഖനത്തിലും റോമാ ലേഖനത്തിലും പ്രതിപാദിച്ചിരിക്കുന്ന പോയിന്റുകളിൽ പ്രയോജനപ്പെടുത്തിയിരിക്കാം.

## പ്രായോഗികത

### യേശു, സഹായകരമായ കല്ല് (2:4-8)

ലേഖകന്മാർ ജീവിച്ചിരുന്ന ഭൂമിയും ഭൂമിശാസ്ത്രവും ബൈബിൾ പഠി ക്കുമ്പോൾ പരിഗണിക്കുന്നത് പ്രയോജനപ്പെടും. മദ്ധ്യധരണ്യാഴി കടലിന്റെ കിഴക്കെ തീരം ചൂടുള്ളതും, വരണ്ടതുമായ പ്രദേശമാണ്. കൃഷിക്ക് പറ്റിയ നല്ല സ്ഥലം വിരളമായിരിക്കും. ജല വിതരണത്തിന് വലിയ നദികളില്ല, ആ പ്രദേശം അധികവും മരുഭൂമിയായിരിക്കും. തരിശുഭൂമിയെ ബൈബിളിൽ “മരുഭൂമി” എന്നാണ് വിളിച്ചിരിക്കുന്നത്.

യിസ്രായേൽ മാതൃദേശം എന്നു വിളിച്ചിരുന്നതിന് പല കുറവുകളും ഉണ്ടാ യിരുന്നു. അവിടെ ധാരാളം പാറകൾ തിങ്ങി കിടന്നിരുന്നു. യിസ്രായേൽ ജനം ആ വിഭവം ഉപയുക്തമാക്കിയതിൽ അതിശയിക്കുവാനില്ല. അവർ കല്ലുകൾ കെട്ടിടനിർമ്മാണത്തിനും ആയുധങ്ങൾക്കും ഉപയോഗിച്ചിരുന്നു. കല്ലുകളുടെ ഉറപ്പ് ദൈവത്തിനും അവർക്കും തമ്മിലുള്ള ബന്ധം രൂപകാലങ്കാരമായി ഉപ യോഗിച്ചിരുന്നതിലും അതിശയിക്കുവാനില്ല.

ആവർത്തനപുസ്തകത്തിലും സങ്കീർത്തനങ്ങളിലും, ചിലപ്പോൾ ദൈവത്തെ തന്നെ പാറയായി പറഞ്ഞിട്ടുണ്ട്. അവൻ യിസ്രായേലിന്റെ ഒരി ക്കലും പരാജയ-മടയാത്ത ശക്തിയും, ഇളകാത്തതും, ഉറപ്പുള്ളതുമായ പാറയായിരുന്നു. മോശെ പാടി, “ഞാൻ യഹോവയുടെ നാമം ഘോഷിക്കും; നമ്മുടെ ദൈവത്തിന്നു മഹത്വം കൊടുപ്പിൻ. അവൻ പാറ; അവന്റെ പ്രവൃത്തി

അത്യുത്തമം" (ആവ. 32:3, 4).

ദേശത്തിലെ പാറയുടെ രൂപകാലങ്കാരം പഴയനിയമത്തിൽനിന്ന് പുതിയനിയമത്തിലേക്കും വ്യാപിക്കുന്നു. യേശു ക്രിസ്തു ആണെന്ന് പത്രൊസ് ഏറ്റു പറഞ്ഞപ്പോൾ, കർത്താവ് പറഞ്ഞതു അവന്റെ ഏറ്റു പറച്ചൽ പാറയാണെന്നും, അത് തീർച്ചയുള്ള അടിസ്ഥാനമാണെന്നും, അതിന്മേൽ താൻ തന്റെ സഭയെ പണിയുമെന്നും ആണ്. "നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ. 16:18). ക്രിസ്തുവിന്റെ ദൗത്യവും പ്രവൃത്തിയും വിവരിക്കുവാൻ അലങ്കാര ഭാഷ ഉപയോഗിച്ചപ്പോൾ പാറ എന്ന കർത്താവിന്റെ രൂപകാലങ്കാരം അപ്പൊസ്തലൻ ദൈവശ്വാസിയമായി പറഞ്ഞിരിക്കുന്നു.

(1) *ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണം എന്ന മാതൃക കാണിച്ചിരിക്കയാൽ നല്ല നടത്തിപ്പുകാരനായതുകൊണ്ട് യേശു പാറയാണ്* (2:6). തന്റെ ശിഷ്യന്മാർ എങ്ങനെ ദൈവത്തെ സേവിക്കണം എന്നു മാതൃക കാണിച്ചു തരികയും, വഴി കാണിച്ചുതരികയും ചെയ്തിരിക്കുന്നു. യേശു കല്ലിനേക്കാൾ ഉപരിയാണ്; അവൻ മൂലക്കല്ല് ആണ്. പത്രൊസ് തന്റെ പോയിന്റ് വ്യക്തമാക്കുവാൻ യെശയ്യാവ് 28:16 ഉദ്ധരിച്ചിരിക്കുന്നു: "അതുകൊണ്ട് യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: 'ഇതാ, ഞാൻ സിയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ട് ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ല് ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല' " (യെശ. 28:16).

അന്നും ഇന്നും, യിസ്രായേലിൽ അധികം വൃക്ഷങ്ങൾ ഇല്ലായിരുന്നു. കെട്ടിടത്തിന് തടി ഉപയോഗിക്കുന്നത് ചെലവേറിയതാകയാൽ അത്യപൂർവ്വമായിരുന്നു. തടിയിൽ പണിയുന്നതിനു പകരം യിസ്രായേലിലെ പ്രാഗത്ഭ്യമുള്ളവർ കല്ലിൽ ആയിരുന്നു തങ്ങളുടെ കഴിവ് തെളിയിച്ചിരുന്നത്. ചാന്ത് ഉപയോഗിക്കേണ്ട ആവശ്യമേ വരാത്ത വിധത്തിൽ മേസൻമാർ ഈ കല്ലുകളിൽ കൊത്തു പണി ചെയ്തിരുന്നു. തൊഴിൽ പരമായി യേശു ഒരു തച്ചനായിരുന്നു, എന്നാൽ പലരും ഇന്ന് ഗ്രീക്ക് വാക്ക് *ടെക്ടോൺ* നന്നായി തർജ്ജിമ ചെയ്യേണ്ടത് "കൽപണിക്കാരൻ" എന്നാണെന്ന് വിചാരിക്കുന്നു. യെരുശലേമിൽ, ഇന്ന് ആരെങ്കിലും വീട് പണിയുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ, അത് കല്ലുകൊണ്ടായിരിക്കും എന്നതാണ് നിയമം. യെരുശലേം പട്ടണം കല്ലുകളാൽ നിർമ്മിതമാണ്. പുരാതനകാലത്തും അതായിരുന്നു സ്ഥിതി.

പത്രൊസ് ജീവിച്ച കാലത്ത് ലോകം മുഴുവനുമുള്ള യെഹൂദന്മാർക്ക് അറിയാവുന്ന ഒന്നായിരുന്നു മഹാനായിരുന്ന ഹെരോദാവ് യെരുശലേമിൽ പണിതതായ വലിയ ദൈവാലയം. അതിന്റെ മനോഹാരിതയെയും ഭംഗിയെയും യെഹൂദന്മാര-ല്ലാത്തവരും പുകഴ്ത്തിയിരുന്നു. ശലോമോൻ കുന്നിന്റെ മുകളിൽ പണി കഴിപ്പിച്ച ദൈവാലയത്തെ അതിന്റെ സ്വാഭാവിക ആകൃതി മാറ്റി ഹെരോദാവ് അതു വിപുലമാക്കി. അവന്റെ ജോലിക്കാർ വലിയ പാറകൾ ഉപയോഗിച്ച് ചാരുമതിലുകൾ പണിതിരുന്നു. ഹെരോദാവിന്റെ പണിക്കാർ ദൈവാലയം മാത്രമല്ല, ചുറ്റും ഗോപുരവും പണിത് മനോഹരമാക്കി. അതെല്ലാം കല്ലുകൊണ്ടായിരുന്നു പണിതത്. ഹെരോദാവ് ഉപയോഗിച്ച കല്ലുകൾക്കെല്ലാം വക്കിൽ ചായ്‌വുണ്ടാക്കിയിരുന്നു. ഭൂഗർഭഗവേഷകന്മാർക്ക് ആ കല്ലുകൾ തിരിച്ചറിയുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല.

മുൻ വാക്യങ്ങളിൽ പത്രൊസ് ഉദ്ധരിച്ച യെശയ്യാവ് 28:16 ഒരു കല്ലിന്റെ

രൂപകാലങ്കാരം ഉപയോഗിച്ച് വിപുലമാക്കിയിരിക്കുകയാണ്. ക്രിസ്തു കല്ലായിരിക്കയാൽ, ഓരോ ക്രിസ്ത്യാനിയും അവന്റെ ഉറപ്പ് പങ്കിടുകയാണ്. ദൈവം വസിക്കുന്ന മന്ദിരത്തിൽ, ക്രിസ്ത്യാനികൾ കർത്താവിനോടുകൂടെ ഒരുമിച്ച് ജീവിക്കുന്നു. ആ മന്ദിരത്തിൽ, ഓരോ ക്രിസ്ത്യാനിയും ജീവനുള്ള കല്ലുകളാണ് (1 പത്രൊ. 2:4, 5).

ക്രിസ്ത്യാനികൾ പാറകളുമാണ്. ഇന്നത്തെ സമൂഹത്തിന്റെ അടിത്തറ തകർന്നുകൊണ്ടാണിരിക്കുന്നത്. എങ്ങനെയായാലും, ക്രിസ്തുവിനെ മൂലക്കല്ലായി കാണുന്നവരുടെ സ്ഥിതി അതല്ല. ക്രിസ്തീയ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ മാനിക്കുന്നു. ക്രിസ്തീയ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ ബഹുമാനിക്കുന്നു. അവർക്ക് ജനിക്കുന്ന കുട്ടികളെ അവർ കർത്താവിന്റെ പരിജ്ഞാനത്തിലും ഉപദേശത്തിലും വളർത്തും, അവരുടെ അയൽക്കാരോട് അവർ നല്ല രീതിയിൽ പെരുമാറും. അവരുടെ വാക്കുകൾ പാറ പോലെ ഉറച്ചതായിരിക്കും. അവരുടെ മുഖമുദ്ര സത്യസന്ധതയായിരിക്കും. അവരുടെ ജീവിതരീതി ഇളകാത്തതായിരിക്കും. ക്രിസ്ത്യാനികളുടെ വിശ്വാസം, പ്രത്യാശ, ധൈര്യം എല്ലാം നിലനിൽക്കുന്നത് യേശു എന്ന ഉറച്ച പാറയിന്മേലും, ഭദ്രമായ അടിസ്ഥാനത്തിന്മേലുമാണ്. ഭൂമികുലുക്കം കെട്ടിടത്തെ തകർത്തേക്കാം, എന്നാൽ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതം പണിയുന്നതും പ്രത്യാശ വെച്ചിരിക്കുന്നതും പാതാളഗോപുരങ്ങൾക്ക് ജയിക്കുവാൻ കഴിയാത്ത അടിസ്ഥാനത്തിന്മേലാണ്. നൂറ്റാണ്ടുകൾ കടന്നുപോയേക്കാം, രാജ്യങ്ങൾ വരികയും പോകുകയും ചെയ്തേക്കാം, പർവ്വതങ്ങൾ പൊങ്ങുകയും, ഉരുകി സമുദ്രത്തിൽ പതിക്കുകയും ചെയ്തേക്കാം, എന്നാൽ യിസ്രായേലിന്റെ ദൈവത്തെ പോലെയുള്ള ക്രിസ്തു എന്നേക്കും ഇളകാതെ നിലനിൽക്കും (സങ്കീ. 102:25–27).

(2) *യേശു അടിസ്ഥാനക്കല്ല് ആണ്, അതേസമയത്ത് അവൻ തള്ളിക്കളഞ്ഞ കല്ലും ആണ്* (2:7). യേശു മൂലക്കല്ലും ദൈവഭവനത്തിന്റെ അടിസ്ഥാനക്കല്ലും ആണെന്ന് പറഞ്ഞശേഷം പത്രൊസ് മറ്റൊരു രൂപകാലങ്കാരത്തിലേക്ക് തിരിയുന്നു. ഈ സമയത്ത് അവൻ എടുത്തിരിക്കുന്നത് സങ്കീർത്തനങ്ങൾ 118:22 ആണ്, തന്നോട് ഏറ്റുമുട്ടിയ യെഹൂദന്മാരോട് യേശു ഇതേ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചിട്ടും അവർ അവനെ തള്ളിക്കളഞ്ഞു. “യേശു അവരോട്, വീട് പണിയുന്നവർ ‘തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു; ഇത് കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു. “എന്ന് നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ?” ’ ” (മത്താ. 21:42).

യേശു സങ്കീർത്തനങ്ങൾ 118 ഉദ്ധരിച്ചപ്പോൾ, അവൻ സംസാരിച്ചത് യെഹൂദ ദേശത്തിലെ അദ്ധ്യക്ഷന്മാരോടായിരുന്നു. മറ്റെല്ലാവരേക്കാളും തിരുവെഴുത്ത് അഭ്യസിച്ചവരാകയാൽ അവർ ദൈവത്തിന്റെ ക്രിസ്തുവിനെ തിരിച്ചറിയണമായിരുന്നു. പകരം അവർ യേശുവിനെ പരിഹസിക്കുകയും, തള്ളിക്കളയുകയും, അവനെ ക്രൂശിക്കുവാൻ അവർ കാരണമാകുകയും ചെയ്തു. യേശു തള്ളിക്കളഞ്ഞ കല്ല് ആയിരുന്നു. പത്രൊസ് സങ്കീർത്തനത്തെ കൂടുതൽ വിശാലമായ പ്രായോഗികത വരുത്തിയിരിക്കുന്നു. യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞു, എന്നാൽ അതിനപ്പുറമായി, ലോകത്തിലെ ജ്ഞാനികളും ഉത്തമന്മാരും അടക്കം എല്ലാവരും അവനെ തള്ളിക്കളഞ്ഞു.

ക്രിസ്തുവിനെ വീടിന്റെ മൂലക്കല്ലാക്കി വെച്ചത് ദൈവമാണ്. മനുഷ്യരാണ് അവനെ തള്ളിക്കളഞ്ഞത്, അവർ തുടർച്ചയായി അവനെ തള്ളിക്കളഞ്ഞു

കൊണ്ടാണിരിക്കുന്നത്. ലോകത്തിൽ ചെറുതും കുലീനവുമായതിനെ ആണ് ദൈവം എടുക്കുന്നത്. ഗലീലയിലെ ഒരു താഴ്ന്ന ജോലിക്കാരനെ അവൻ സഭയുടെ അടിസ്ഥാനക്കല്ലാക്കി വെച്ചു. അപ്പൊസ്തലന്മാരായ പൗലൊസും പൊതു മനസുള്ളവനായിരുന്നു. മറ്റൊരു സന്ദർഭത്തിൽ, ദൈവം ബലഹീന തയിലും താഴ്മയിലും പ്രവർത്തിക്കുന്നു എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. മറ്റൊരു സന്ദർഭത്തിൽ ലോകത്തിനു അതിന്റേതായ രാജാക്കന്മാരും, ആഡം ബരങ്ങളും, പ്രതാപങ്ങളും, സുഖലോലുപതയും ഉണ്ടാകട്ടെ, താഴ്മയുള്ള വരോടൊപ്പം പൗലൊസ് ഉണ്ടായിരിക്കും, സഹായത്തിന് ദൈവം അവരോ ടൊപ്പം ഉണ്ടായിരിക്കും, അവൻ ലോകത്തെ ജയിക്കുകയും ചെയ്യും. "ഞാൻ ബലഹീനനായിരിക്കുമ്പോൾ, ഞാൻ ശക്തനാകുന്നു" എന്ന് പൗലൊസ് പറഞ്ഞു (2 കൊ. 12:10). അപ്പൊസ്തലൻ തുടർന്നു, "ബലഹീനതയാൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്നു; ഞങ്ങളും അവനിൽ ബല ഹീനർ എങ്കിലും, അവനോടുകൂടെ ദൈവശക്തിയാൽ നിങ്ങൾക്ക് വേണ്ടി ജീവിക്കുന്നു" (2 കൊ. 13:4).

(3) *യേശു ഇടർച്ചക്കല്ല് ആണ്, തടങ്ങൽ പാറയുമാണ്* (2:8). പത്രൊസ് യെശയ്യാവ് 28:16 ഉദ്ധരിച്ച് യേശുവിനെ മൂലക്കല്ല് ആയി കാണിച്ചു തന്നിരി ക്കുന്നു. സങ്കീർത്തനങ്ങൾ 118:22 എടുത്തുകാണിച്ച് അവൻ തള്ളിക്കളഞ്ഞ കല്ല് ആയും കാണിച്ചു തന്നു. ഈ സമയത്ത് അപ്പൊസ്തലൻ വീണ്ടും യെശയ്യാവിലേക്ക് മടങ്ങി വരികയാണ്. "എന്നാൽ അവൻ ഒരു വിശുദ്ധമ ന്ദിരമായിരിക്കും; എങ്കിലും യിസ്രായേൽ ഗൃഹത്തിന് രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയും യെരുശലേം നിവാസികൾക്ക് ഒരു കുടുക്കും കണിയും ആയിരിക്കും" (യെശ. 8:14). ഇതേപോലെയുള്ള ഒരു പ്രസ്താവന പൗലൊസും നടത്തിയിരിക്കുന്നു: "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്വവുമെ ങ്കിലും" (1 കൊ. 1:23). ഇടർച്ചയായി പൗലൊസ് കണ്ടത് ക്രൂശ് ആയിരുന്നു (ഗലാ. 5:11 നോക്കുക).

റോമാക്കാർ അധികാരത്തെ മാനിച്ചിരുന്നു. സങ്കീർണ്ണതയിലും ലോക ജ്ഞാനത്തിലുമായിരുന്ന റോമാക്കാർക്ക്, ക്രിസ്ത്യാനിത്വത്തെ കുറിച്ച് ആദ്യം കേട്ടപ്പോൾ, അവർക്ക് തമാശയായിട്ടാണ് തോന്നിയത്. ക്രിസ്ത്യാനികളുടെ ആ രക്ഷകനെ റോമാക്കാർ ക്രൂശിൽ തറച്ചതായിരുന്നു. അങ്ങനെയുള്ളവനെ ആരാധിക്കുന്നത് എത്ര വിഡ്ഢിത്തമാണ്! മറ്റു കാരണങ്ങൾകൊണ്ട് യെഹൂദ ന്മാർക്ക് യേശു ഇടർച്ചയായിരുന്നു. മോശെയുടെ ന്യായപ്രമാണം അനുസരിച്ച് യേശുവിനെ ക്രിസ്തുവായി അംഗീകരിക്കുവാൻ അവർക്ക് കഴിഞ്ഞില്ല."തൂങ്ങി മരിച്ചവർ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ ആകുന്നു" (ആവ. 21:23; ഗലാ. 3:13). യേശുവിന് ഒരു പ്രാധാന്യവുമില്ലാത്ത വിധത്തിൽ യെഹൂദന്മാരും ജാതി കളും ഒരുപോലെ അവനിൽ ഇടറിപ്പോയി. ക്രൂശിക്കപ്പെട്ട ഒരാളെ ദൈവപു ത്രനായി അവരുടെ മനസിൽ ചിന്തിക്കുവാൻ പോലും കഴിയുന്നതായിരുന്നില്ല.

യേശുവിനെ ഇടർച്ചക്കല്ല് ആയി പത്രൊസ് പറഞ്ഞപ്പോൾ, അവൻ ഊന്നൽ മാറ്റുകയായിരുന്നു. ലോകത്തിലെ ആളുകൾ പാപത്തെ സ്നേഹിച്ച തുകൊണ്ടും ദൈവവുമായി അവർ പങ്കു ചേരുവാൻ ആഗ്രഹിക്കാതിരുന്നതു കൊണ്ടും, അവർ യേശുവിന്റെ ഉപദേശത്തിൽ ഇടറിപ്പോയി. അവർ സ്വന്ത മോഹങ്ങളനുസരിച്ച് ജീവിക്കുവാൻ ആഗ്രഹിച്ചു (1 പത്രൊ. 2:8 നോക്കുക). ലോകത്തുള്ള ആളുകൾക്ക് ക്രൂശ് ഇന്നും ഇടർച്ചയായി തുടരുകയാണ്. റോമാ

സാമ്രാജ്യത്തിലേതുപോലെ, ഇപ്പോഴും പണത്തിന്റേയും, പ്രസിദ്ധിയുടേയും, അധികാരത്തിന്റേയും പുറകെ പോകുന്നവർക്ക് ക്രിസ്തുവിന്റെ ക്രൂശ് ഇടർച്ചയാണ്. ലോകത്തിലെ അസംഖ്യം ആളുകൾ പറഞ്ഞാലും ഇല്ലെങ്കിലും, ക്രൂശ് അവർക്ക് ഇടർച്ചയാണെന്ന് അവരുടെ ജീവിതം തെളിയിക്കുന്നു.

*സംക്ഷിപ്തം.* പഴയ നിയമം എടുത്ത് പത്രൊസ് തന്റെ ലോകത്തെ കല്ലുകൾ ഉപയോഗിച്ച് യേശുവിനെയും അവനുമായുള്ള നമ്മുടെ ബന്ധത്തെയും മനസിലാക്കി തരുന്നു. (1) യേശു പാറയാണ് കാരണം അവൻ നന്മക്കും ദൈവഭക്തിക്കും ഇളകാത്ത മാതൃകയാണ്. (2) യേശു തള്ളിക്കളഞ്ഞ കല്ല് ആണ്. (3) യേശു ഇടർച്ചക്കല്ലും തടങ്ങൽ പാറയുമാണ്.

---

കുറിപ്പുകൾ

[1]ജെ. എൻ. ഡി. കെല്ലി, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ഓഫ് ജൂഡ്*, ബ്ലാക്സ് ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1969), 84. [2]ആനുകാലിക സാഹിത്യത്തിലെ ഉപയോഗം എടുത്ത് 1 പത്രൊസ് 2:2 ലെ ഏറ്റവും നല്ല തർജിമ “ആത്മിയ” എന്നാണെന്ന് വാദിച്ചു (വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക്ക് വില്യം ഡാങ്കർ [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000], 598.) എങ്ങനെയായാലും, ബാവർ നൽകിയ ഉദ്ധരണിയിലും, ആ വാക്കിന്റെ അർത്ഥം തികച്ചും “ആത്മിയം” എന്നു വരുന്നില്ല. കാരണത്തിൽ അൽപ വ്യത്യാസം കാണുന്നു. തർജിമക്കാർ “ആത്മികം” എന്നു പറഞ്ഞിരിക്കയാൽ ഗ്രീക്ക് വാക്കിന്റെ അർത്ഥത്തിൽ അയവ് വന്നിട്ടില്ല. [3]ക്ലൗദ്യോസ് കൈസരുടെ കാലത്ത് റോമിലെ യെഹൂദന്മാർക്കിടയിൽ ഉണ്ടായ കുഴപ്പത്തെ കുറിച്ച് രണ്ടാം-നൂറ്റാണ്ടിന്റെ ആരംഭത്തിലെ ചരിത്രകാരനായിരുന്ന സൂട്ടോണിയസ് എഴുതിയപ്പോൾ ആ വാക്കുകളെ തെറ്റിദ്ധരിപ്പിച്ചിരിക്കാം. ഒരു *ക്രെസ്റ്റസ്* (ലാറ്റിൻ) ആണ് കുഴപ്പങ്ങൾക്ക് തിരി കൊളുത്തിയത് എന്നാണ് സൂട്ടോണിയസ് എഴുതിയത്, അത് *ക്രെസ്റ്റോസ്* (ഗ്രീക്ക്) എന്ന വാക്കിന് തുല്യമാണ്. ക്രിസ്തുവിന്റെ സന്ദേശം അറിയിച്ചുതുടങ്ങിയപ്പോഴായിരിക്കാം യെഹൂദന്മാർ കുഴപ്പം ആരംഭിച്ചത്. തീർച്ചയില്ലെങ്കിലും പേരുകൾ ഒരുപക്ഷെ സൂട്ടോണിയസ് തെറ്റിദ്ധരിപ്പിച്ചിരിക്കാം. നോക്കുക, സൂട്ടോണിയസ് *ദ ലൈവ്സ് ഓഫ് ദ സീസേഴ്സ്: ക്ലൗഡിയസ്* 25.4. [4]പത്രൊസിന്റെ പേരായ *പെട്രോസ്* എന്നതിന്റെ അർത്ഥം “കല്ല്” എന്നാണ്, പക്ഷെ ഈ വാക്യങ്ങളിലെല്ലാം “കല്ല്” എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് 2:8-ൽ ഒഴിച്ച് *ലിത്തോസ്* എന്നാണ്, താൻ എഴുതിയപ്പോൾ തന്റെ പേർ പ്രതിഫലിപ്പിക്കയായിരുന്നില്ല പത്രൊസ്. [5]ജോയാക്കിം ജെരെമ്യാസ്, “അക്പോയിയോവിയായിയോക്,” ഇൻ *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്,* എഡി. ഗെർഹാർഡ്, കിറ്റൽ, ട്രാൻസ്. ആന്റ് എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 1:792. [6]“ഗൃഹം” എന്ന വാക്ക് നെഹമ്യാവ്, എസ്രാ, 1 ഉം 2 ഉം ദിനവൃത്താന്തങ്ങളിലും ദൈവാലയം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു, ചില പ്രവാചകന്മാരും അങ്ങനെ ഉപയോഗിച്ചിട്ടുണ്ട്. സങ്കീർത്തനങ്ങളിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഒന്നുകിൽ സമാഗമന കൂടാരത്തിന് അല്ലെങ്കിൽ ദൈവാലയത്തിന്. ഓരോ സങ്കീർത്തനത്തിന്റേയും കാലയളവ് അനുസരിച്ച് അർത്ഥം മനസിലാക്കാവുന്നതാണ്. [7]ഏണെസ്റ്റ് ബെസ്റ്റ്, 1 പീറ്റർ, ദ ന്യു സെഞ്ചുറി ബൈബിൾ

കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1971), 105. [8]ഫ്രാൻസിസ് റൈറ്റ് ബെയർ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് ഇൻട്രോഡക്ഷൻ ആന്റ് നോട്ട്സ്,* 3ഡ് എഡി. (ഓക്സ്ഫോർഡ്: ബേസിൽ ബ്ലാക്ക്വെൽ, 1970), 124. [9]എസ്ദ്രാസ് 5:23-27 (ആർഈഔബി). [10]നോക്കുക എഡ്വേർഡ് ഗോർഡൻ സെൽവിൻ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് സെന്റ്.പീറ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ്, വിത്ത് ഇൻട്രോഡക്ഷൻ, നോട്ട്സ് ആന്റ് എസ്സേയ്സ്,* തോർനാപ്പിൾ കമെന്ററീസ്, 2ഡ് എഡി. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1947; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1981), 166.